# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.21 No.2 കാർത്തികപ്പള്ളി R.No. 7361/02 2021 FEBRUARY

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## നിർമ്മിതബുദ്ധിക്ക് സംസ്കൃതഭാഷ

നിർമ്മിതബുദ്ധിക്ക് വേണ്ടിയുള്ള കമ്പ്യൂട്ടർ പ്രോഗ്രാമിന് ഏറ്റവും യോജിച്ച ഭാഷ സംസ്കൃതമാണെന്ന് നാസ അവകാശപ്പെടുന്നുവെന്ന പ്രചാരണം സോഷ്യൽമീഡിയയിൽ ശക്തമാണ്. ഈ അവകാശവാദത്തിന് അടിവരയിടാൻ റിക്ക് ബ്രിഗ്സ് എന്ന നാസയിലെ ഗവേഷകന്റെ പഠനഫലവും പല സന്ദേശങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സോഷ്യൽ മീഡിയ സന്ദേശങ്ങളിൽ എത്രമാത്രം വസ്തുതയുണ്ട്? എന്ന് വേദാഭിമാനി പരിശോധിക്കുന്നു.

'സംസ്കൃതത്തിലെ വിജ്ഞാനത്തിന്റെ പ്രാതിനിധ്യവും നിർമിതബുദ്ധിയും' എന്നായിരുന്നു നാസയിലെ ഗവേഷകനായിരുന്ന റിക്ക് ബ്രിഗ്സ് തയാറാക്കിയ പഠനത്തിന്റെ തലക്കെട്ട്. എഐ മാഗസിനിൽ പ്രസിദ്ധീകരിച്ച ഈ പഠനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതിയിട്ടുണ്ട്. 'ആയിരത്തിലേറെ വർഷം ഉപയോഗിച്ച സംസ്കൃതമെന്ന ഭാഷ നമുക്കുണ്ട്. സാഹിത്യപരമായ മൂല്യത്തിനൊപ്പം സംസ്കൃത കൃതികളിൽ മനഃശാസ്ത്രപരവും വ്യാകരണ സംബന്ധവുമായ നിരവധി വിവരങ്ങളും അടങ്ങിയിരിക്കുന്നു.'




ഇതേ പഠനത്തിൽ 'സാധാരണ ഭാഷ തന്നെ നമുക്ക് നിർമിത ബുദ്ധിക്ക് വേണ്ട ഭാഷയായി ഉപയോഗിക്കാനാകും' എന്ന മൂന്നര പതിറ്റാണ്ട് മുൻപുള്ള ചിന്തയും അദ്ദേഹം പങ്കുവെക്കുന്നുണ്ട്. ഇതേ ധാരണ വെച്ചാണ് റിക്ക് ബ്രിഗ്സ് സംസ്കൃതത്തെ നിർമിത ബുദ്ധിയുമായി കൂട്ടിയോജിപ്പിക്കുന്നത്.

കമ്പ്യൂട്ടർ ഭാഷയും മനുഷ്യർ സാധാരണ ഉപയോഗിക്കുന്ന ഭാഷയും വ്യത്യസ്തമാണെന്ന ബോധ്യം റിക്ക് ബ്രിഗ്സിന്റെ പഠനം ഇപ്പോൾ വായിക്കുമ്പോൾ നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നിവയെല്ലാം മനുഷ്യർ ഉപയോഗിക്കുന്ന ഭാഷകളാണെങ്കിൽ ലിസ്പ്, സി, പ്രോലോഗ് എന്നിവയൊക്കെയാണ് കമ്പ്യൂട്ടർ ഭാഷകൾക്ക് ഉദാഹരണം. മനുഷ്യർ ഉപയോഗിക്കുന്ന ഭാഷകൾ മനസിലാക്കിയെടുക്കുക എന്നത് നിർമ്മിത ബുദ്ധിയുടെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

നിർമ്മിത ബുദ്ധിക്ക് ഉപയോഗിക്കാൻ സാധിക്കുന്ന ഏറ്റവും അനുയോജ്യമായ ഭാഷയാണ് സംസ്കൃതമെന്ന് ബ്രിഗ്സ് ഒരിടത്ത് പോലും പറയുന്നുമില്ല. ഇത്തരമൊരു അവകാശവാദത്തെക്കുറിച്ച് നാസയും ഒരിടത്തും ഒരു പ്രതികരണം പോലും നടത്തിയിട്ടില്ല. കാരണം നിർമ്മിതബുദ്ധിക്കു വേണ്ട ഭാഷയായി സംസ്കൃതം ഉപയോഗിക്കാനാകില്ല. കമ്പ്യൂട്ടർ ഭാഷയും മനുഷ്യഭാഷയും തികച്ചും വ്യത്യസ്തമാണ്. കമ്പ്യൂട്ടർപ്രോഗ്രാം എന്നു പറയുമ്പോൾ അത് ഒരു എക്സിക്യൂട്ടബിൾ രൂപമാവാം. സെൻട്രൽ പ്രൊസസിംഗ് യൂണിറ്റിനു നേരിട്ട് എക്സിക്യൂട്ട് ചെയ്യാവുന്ന രൂപമാണ് ഇത്. അതല്ലെങ്കിൽ പ്രോഗ്രാം "സോഴ്സ് കോഡ്" രൂപത്തിലായിരിക്കും. ഇതിൽ മനുഷ്യനു മനസ്സിലാക്കാനാവുന്നത് സോഴ്സ് കോഡ് ആണ്. ഒരു അൽഗൊരിതത്തെ അടിസ്ഥാനമാക്കി ഏതെങ്കിലും പ്രോഗ്രാമിംഗ് ഭാഷയുടെ നിയമങ്ങങ്ങൾക്കനുസൃതമായി നിർമ്മിക്കപ്പെടുന്ന കമ്പ്യൂട്ടറിനായുള്ള നിർദ്ദേശങ്ങളുടെ കൂട്ടമാണ് സോഴ്സ് കോഡ്.

മെഷീൻ ലാംഗ്വേജ് അഥവാ യന്ത്രതല ഭാഷയിലുള്ള നിർദ്ദേശങ്ങൾ മാത്രമേ കമ്പ്യൂട്ടറിന് മനസ്സിലാകൂ. കാരണം മെഷീൻ ലാംഗ്വേജ് കോഡുകൾ ബൈനറി സംഖ്യകളായ 0,1 എന്നിവ കൊണ്ടാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് മനുഷ്യർക്ക് മനസ്സിലാവുകയുമില്ല. ആയതിനാൽ നേരിട്ട് മെഷീൻ ലാംഗ്വേജിൽ പ്രോഗ്രാമുകൾ എഴുതുവാൻ വളരെ ബുദ്ധിമുട്ടാണ്. ഇതിനുള്ള പരിഹാരമാണ് മനുഷ്യഗ്രാഹ്യമായ പ്രോഗ്രാമിംഗ് ഭാഷകൾ. ഏതെങ്കിലും പ്രോഗ്രാമിംഗ് ഭാഷയിൽ ആവശ്യമായ പ്രോഗ്രാം എഴുതിയശേഷം അതിനെ കംപൈലർ ഉപയോഗിച്ച് കമ്പൈൽ ചെയ്ത് യന്ത്രതല ഭാഷയിലേക്കും കമ്പ്യൂട്ടറിന് പ്രവർത്തിപ്പിക്കാൻ പറ്റുന്ന രൂപത്തിലേക്കും മാറ്റുകയാണ് സാധാരണ ചെയ്യുന്നത്. വസ്തുത ഇതായിരിക്കെ സോഷ്യൽമീഡിയയിൽ നിർമ്മിത ബുദ്ധിക്ക് യോജിച്ച ഭാഷ സംസ്കൃതമാണെന്ന് നാസ അവകാശപ്പെട്ടുവെന്നത് വെറും വ്യാജ പ്രചാരണം മാത്രമാണ്.



- ദൈവം സൗജന്യമായി നൽകുന്ന രോഗസൗഖ്യത്തിന്റെ ക്രെഡിറ്റ് മുഴുവൻ അത്ഭുതദാസന്മാർ തട്ടിയെടുക്കുകയാണല്ലോ!
- റ്റാറ്റാ ടീയുടെ പണ്ടത്തെ പരസ്യവാചകം ഓർമ്മവരുന്നു, പ്രകൃതിയുടെ മിശ്രിതം റ്റാറ്റായുടെ പായ്ക്കിംഗ്

ബിസിനസ് ഔട്ട്ലുക്ക്, ബിസിനസ് വേൾഡ്, എക്കണോമിക് ടൈംസ്, എഡിറ്ററും ബ്രാഹ്മണനുമായ ആനന്ദ് മഹാദേവന്റെ അനുഭവങ്ങളിലൂടെ സ്നേഹവാനായ ദൈവം എല്ലാവർക്കും സ്വന്തമാകുന്നതെങ്ങനെയെന്ന് **റ്റൈറ്റസ് കാർത്തികപ്പള്ളി** വ്യക്തമാക്കുന്നു.




## അന്യഗ്രഹജീവികളും അമേരിക്കൻ കരാറും




അന്യഗ്രഹ ജീവികൾ യാഥാർത്ഥ്യമാണെന്നും അമേരിക്കയുമായി അവർക്കു കരാർ പോലുമുണ്ടെന്നും ഇസ്രായേൽ മുൻ ബഹിരാകാശമേധാവി! മുൻ യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപിന് ഇക്കാര്യങ്ങളെക്കുറിച്ച് അറിയാമെന്നും വെളിപ്പെടുത്തൽ.

ഇസ്രയേൽ പ്രതിരോധമന്ത്രാലയത്തിനു കീഴിലുള്ള ബഹിരാകാശ ഡയറക്ടറേറ്റ് മുൻ മേധാവി ഹെയിം എഷാദിന്റേതാണു വിചിത്രവാദം. ഇസ്രയേലിലെ ഒരു ദിനപത്രത്തിനു നൽകിയ അഭിമുഖത്തിലാണ് എഷാദിന്റെ വിശദീകരണം. അദ്ദേഹം തുടർന്നുപറയുന്നത് ശ്രദ്ധിക്കുക.

അന്യഗ്രഹജീവികളുണ്ടെന്നതു യാഥാർത്ഥ്യമാണ്. ബഹിരാകാശ സഞ്ചാരികളുമായി അവർ സമ്പർക്കം പുലർത്തുന്നുമുണ്ട്. ഗലാക്റ്റിക് ഫെഡറേഷനിൽപ്പെട്ട അന്യഗ്രഹജീവികളുമായി യു.എസ്. ബഹിരാകാശ സഞ്ചാരികൾ കരാറിൽ ഏർപ്പെട്ടിട്ടുപോലുമുണ്ട്. പ്രപഞ്ച രൂപകൽപന അനുബന്ധ ഗവേഷണങ്ങൾക്കായാണ് ഈ കരാർ.

അമ്പരിപ്പിക്കുന്ന ഈ വസ്തുതകൾ ട്രംപ് ലോകത്തോടു വെളിപ്പെടുത്താൻ തയാറെടുത്തിരുന്നു. ജനം ഭീതിയിലാകുമെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ അതിനു മുതിർന്നില്ല.

**അന്യഗ്രഹജീവികളില്ല; ഒരുപക്ഷേ, ഒരിടത്തും...**

മനുഷ്യൻ കണ്ടെത്തിയ ഒരു ഗ്രഹത്തിലും ജീവൻ ഇല്ലായെന്നു മാത്രമല്ല ജീവികളും ജീവജലവുമില്ല. അന്യഗ്രഹജീവികൾ എന്നത് സാങ്കല്പിക കഥാപാത്രങ്ങൾ മാത്രമാണ്. ഭൂമിയിലെ ജീവികൾക്ക് മറ്റു ഗ്രഹങ്ങളിലോ അന്യഗ്രഹജീവികൾക്ക് ഭൂമിയിലോ ജീവിക്കാൻ കഴിയില്ല. അന്യഗ്രഹജീവികളുമായി ആശയവിനിമയവും സാധ്യമല്ല. ഭാഷയും സംസാരവും മനുഷ്യനു മാത്രം സാധ്യമായ കാര്യമാണ്. കാട്ടിലെ സിംഹവുമായി മനുഷ്യന് കരാറിൽ ഏർപ്പെടാൻ കഴിയുമോ? അതിനേക്കാൾ മണ്ടത്തരമാണ് അന്യഗ്രഹജീവികളുമായുള്ള കരാർ. ഇനിയും ഇതിന്റെ സാങ്കേതികമായ കാര്യങ്ങൾ വേദാഭിമാനി പരിശോധിക്കുന്നു.

സൂര്യനോട് ഏറ്റവും അടുത്തുള്ള നക്ഷത്രമായ പ്രോക്സിമോ സെന്റോറിയുടെ ഗ്രഹങ്ങളിൽ ജീവന് സാധ്യതയില്ലെന്നു ശാസ്ത്രജ്ഞർ സ്ഥതീകരിച്ചതാണ്. ഇസ്രയേൽ ബഹിരാകാശ മേധാവിയായിരുന്ന ഹെയിംഎഷാദ് അന്യഗ്രഹജീവികൾ സംബന്ധിച്ച ചർച്ച സജീവമാക്കിയ പശ്ചാത്തലത്തിൽ സിഡ്നി സർവകലാശാലയിലെ ഗവേഷകരും അതിനെ നിഷേധിക്കുകയുണ്ടായി. സൂര്യനിൽനിന്ന് 4.2 പ്രകാശവർഷം (ഒരു പ്രകാശവർഷം = $9.4607 \times 10^{12}$ കിലോമീറ്റർ) അകലെയാണു പ്രോക്സിമോ സെന്റോറി. ഈ നക്ഷത്രത്തെ ചുറ്റുന്ന പ്രോക്സിമോ ബി എന്ന ഗ്രഹത്തിലാണു ജീവനു സാധ്യത കൽപ്പിക്കപ്പെട്ടിരുന്നത്. ഇവിടെ ജലം ദ്രാവകരൂപത്തിൽ നിലനിൽക്കാനുള്ള സാധ്യതയുടെ അടിസ്ഥാനത്തിലായിരുന്നു ജീവൻ സംബന്ധിച്ച നിഗമനങ്ങൾ. ക്ഷീരപഥത്തിലെ 85 ശതമാനം നക്ഷത്രങ്ങളും പ്രോക്സിമാ ബിയെപ്പോലെ "ചുവന്ന കുള്ളൻ" വിഭാഗത്തിലുള്ളതാണ്.

കുള്ളൻ നക്ഷത്രങ്ങളോട് വളരെ അടുത്താണു ദ്രാവകരൂപത്തിൽ ജലത്തിനു സാധ്യതയുള്ള ഗ്രഹങ്ങൾ. അവിടെ നക്ഷത്രത്തിൽനിന്നുള്ള റേഡിയേഷൻ കൂടുതലായിരിക്കും. ഇതു ജീവനു ഭീഷണിയാകുമെന്നു പഠനത്തിനു നേതൃത്വം നൽകിയ ഡോ. ആൻഡ്രൂ സിക് അറിയിച്ചു. അതുകൊണ്ടുതന്നെ ഗ്രഹങ്ങളിൽ ജീവനോ ജീവികളോ ഉണ്ടാകുവാനുള്ള സാധ്യതയും ഇല്ലെന്ന് അദ്ദേഹം പറയുന്നു.

## സോഷ്യൽ ഡിസ്റ്റൻസിംഗ് ഗൗൺ



സാമൂഹിക അകലം പാലിക്കുക - കൊറോണ വൈറസിനെതിരായ പോരാട്ടത്തിലെ പ്രധാന ഘടകമാണിത്. പക്ഷെ പലപ്പോഴും ഇതു സാധ്യമാകാറില്ലെന്നുള്ളത് ഒരു വസ്തുതയാണ്. പ്രത്യേകിച്ചും വിവാഹ അവസരങ്ങളിൽ. നവദമ്പതികൾക്കൊപ്പം ഫോട്ടോയെടുക്കാനും ആശംസകൾ അറിയിക്കാനുമെത്തുന്നവർ സാമൂഹിക അകലം പാലിക്കാറില്ല. അതിന് കഴിയാറുമില്ല. എന്നാൽ കൊറോണക്കാലത്തെ ആഘോഷങ്ങളിൽ ധരിക്കാനും സാമൂഹിക അകലം പാലിക്കണമെന്ന സന്ദേശം നൽകാനും സഹായിക്കുന്ന ഗൗണാണ് ഇപ്പോൾ വൈറലായിരിക്കുന്നത്. ഇരുപത്തൊന്നുകാരിയായ ഷെയ്ക്കാണ് ഈ ഗൗണിനു പിന്നിൽ. രണ്ട് മാസംകൊണ്ടാണ് ഷെയ് ഈ സോഷ്യൽ ഡിസ്റ്റൻസിംഗ് ഗൗൺ തയാറാക്കിയത്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
| --- | --- | --- | --- | --- | --- | --- |
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | റ്റൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |





# സ്വർഗ്ഗരാജ്യവും ജീവിതലക്ഷ്യവും

ക്രിസ്തീയ ജീവിതത്തിൽ നമ്മുടെ ലക്ഷ്യം എന്താണ്? 'സ്വർഗ്ഗത്തിൽ പോകുക' എന്ന മിനിമം പരിപാടിയാണ് പലരും ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ 'സ്വർഗ്ഗത്തിൽ പോകുക' എന്നൊരു പദപ്രയോഗം പൗലൊസിന്റെ ലേഖനങ്ങളിലൊന്നും കാണുന്നില്ല. അതേസമയം ഫിലിപ്യർക്കെഴുതിയ ലേഖനത്തിൽ മറ്റൊരു ഗംഭീര പ്രയോഗം കാണാം. 'ലക്ഷ്യത്തിലേക്ക് ആയുന്നു' (I press toward the mark) എന്നതാണത് (3:14). 'ആയുന്നു' എന്നതിന്റെ മൂലഭാഷയിലെ വാക്ക് – epekteinesthai– ഓട്ടമത്സരവുമായി ബന്ധപ്പെട്ടതാണെന്നു പറയാറുണ്ട്. ഒരു ഓട്ടക്കാരൻ അന്തിമവരയിലെ ലക്ഷ്യത്തിൽ നോട്ടം ഉറപ്പിച്ച്, മനസ്സ് അതിൽ അർപ്പിച്ച്, മുഴുശരീരവും കൊണ്ട് അതിലേക്ക് ആഞ്ഞ് ഓടുന്നതിനെയാണത്രേ ഈ പദം കുറിക്കുന്നത്. അങ്ങനെയെങ്കിൽ നാം നോട്ടം ഉറപ്പിക്കേണ്ട ആ ലക്ഷ്യം എന്തായിരിക്കണം?

ആ ലക്ഷ്യം യേശുവാണെന്ന് എബ്രായലേഖനകാരൻ വ്യക്തമാക്കുന്നു (12:2). അവിടെ ഗ്രീക്കുഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'അഫ്ഹോറൻ' (aphoran) എന്നാണ്. അപോ (apo) എന്നതിന് മാറ്റുക എന്നും ഹോറൻ (horan)എന്നതിനു 'നോക്കുക' എന്നുമാണ് അർത്ഥം. അപ്പോൾ മറ്റെല്ലാറ്റിൽ നിന്നും ശ്രദ്ധമാറ്റി ഒന്നിനെ മാത്രം നോക്കുന്നതിനെയാണ് ആ പദം കുറിക്കുന്നത്. ചുരുക്കത്തിൽ യേശുവിനെ ശ്രദ്ധിച്ചു നോക്കുന്ന ഒരുവൻ മറ്റെല്ലാ നിലവാരം കുറഞ്ഞ കാര്യങ്ങളിൽ നിന്നും കണ്ണുകൾ പിൻവലിക്കേണ്ടതുണ്ട്.



ജോഷ്വാ റെയ്നോൾഡ്സ് എന്ന കലാകാരനെക്കുറിച്ചു കേട്ടിട്ടുണ്ട്. അദ്ദേഹം നിലവാരം കുറഞ്ഞ ഒരു പെയിന്റിംഗിലേക്കു നോക്കാൻ പോലും വിസമ്മതിക്കുമായിരുന്നത്രേ. കാരണം അങ്ങനെ ചെയ്താൽ അത് തന്റെ കലാപരമായ കഴിവുകളെ തെറ്റായി സ്വാധീനിക്കുമെന്ന് അദ്ദേഹം ഭയന്നു.

ഏതു നോട്ടവും നോക്കുന്നവനിൽ ഒരു സ്വാധീനം ഉണ്ടാക്കുന്നുണ്ട്. യേശുവിന്റെ ജീവിതത്തെ ഒരുവൻ ശ്രദ്ധിച്ചുനോക്കിയാൽ അതവനെ ക്രമേണ യേശുവിനെപ്പോലെയാക്കും. സത്യത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം അതാണ്–യേശുവിനെപ്പോലെയാകുക. രണ്ടു ദൈവവചനങ്ങൾ കാണുക. അവന്റെ സ്വരൂപത്തോട് അനുരൂപമാകുവാൻ മുൻ നിയമിച്ചിരിക്കുന്നു" (റോമ.8:29). "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷയ്ക്കു വിളിച്ചത്" (2 തെസ്സ.2:14).

ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ തിരഞ്ഞെടുക്കുകയും മുൻനിയമിക്കുകയും ചെയ്തതിനെക്കുറിച്ച് എഫെസ്യർ ഒന്നാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. അതു നാം അവിടുത്തെ മുൻപാകെ 'വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനാണെന്ന്' അവിടെ പറഞ്ഞിരിക്കുന്നു. ഇവിടെ റോമർ 8:29 ൽ ഇക്കാര്യം കുറച്ചുകൂടി വ്യക്തമാക്കിയിരിക്കുകയാണ് – യേശുവിന്റെ സ്വഭാവത്തോടനുരൂപമാകുവാനാണ് നമ്മെ മുൻനിയമിച്ചിരിക്കുന്നത്. 2 തെസ്സലൊനിക്യർ 2:14-ൽ ഇതേ കാര്യം മറ്റൊരു തരത്തിൽ പറഞ്ഞിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം (തേജസ് – glory) പ്രാപിക്കുവാനാണ് നമ്മെ വിളിച്ചത്. ഈ വിളി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് യേശുവിന്റെ അതേ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുവാൻ വേണ്ടിയാണെന്നു രണ്ടു കൊരിന്ത്യരിലും വിശദീകരിച്ചിരിക്കുന്നു (3:18). യേശുവിനെപ്പോലെയാകാനായി നമ്മെ വിളിച്ചിരിക്കുന്നു എന്നു പറയുമ്പോൾ അതു പാപത്തിന്മേൽ ജയമുള്ള ഒരു വിജയകരമായ ജീവിതത്തിലേക്കുള്ള വിളിയാണ്. യേശുവിൽ പാപം ഉണ്ടായിരുന്നില്ലല്ലോ.

വിജയകരമായ ക്രിസ്തീയജീവിതം, യേശുവിനെപ്പോലെയാകുക എന്നൊക്കെ പറയുമ്പോൾ കേവലം മതഭക്തരായ ഭൂരിപക്ഷം ക്രിസ്ത്യാനികളും നെറ്റി ചുളിക്കുന്നതു കാണാം. അങ്ങനെയുള്ളവർ ക്രിസ്തീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യം എന്തെന്നു മനസ്സിലാക്കിയിട്ടില്ല. രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, കൂട്ടായ്മ, തീർന്നു അവരുടെ വിശ്വാസജീവിതം ഈയൊരു വൃത്തത്തിൽ ഒതുങ്ങി നിൽക്കുകയാണ്. അതിനും മുമ്പോട്ട് പാപത്തിന്മേൽ ജയമുള്ള വിജയകരമായ ക്രിസ്തീയജീവിതം എന്ന ആത്യന്തികലക്ഷ്യത്തെ കാണാതെ തങ്ങളുടെ പരാജയപ്പെട്ട ജീവിതത്തെ ധാരാളം ക്രിസ്തീയപ്രവർത്തനങ്ങൾ കൊണ്ട് മൂടിവച്ച് തൃപ്തരായി കഴിയുകയാണവർ!

ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യത്തെ മറന്നു പകുതി വഴി വന്ന് തൃപ്തരായി നിൽക്കുന്നവർ, സത്യത്തിൽ ഡൽഹിക്കു പോകാൻ പുറപ്പെട്ടിട്ട് വഴിയിൽ കണ്ട ഒരു സ്റ്റേഷനിൽ ഇറങ്ങി ഇവിടെ കുടിപാർക്കുന്ന ബുദ്ധിഹീനരായ യാത്രക്കാരെപ്പോലെ. അവർ ദൈവഹൃദയത്തിന് എത്ര വലിയ വേദനയായിരിക്കും നൽകുന്നത്! പത്താം ക്ലാസ്സു പാസ്സാകാനായി മകനെ സ്കൂളിൽ ചേർത്തിട്ട് അവൻ ഒന്നാം ക്ലാസ്സിൽതന്നെ തൃപ്തനായി എന്നും അവിടെത്തന്നെ ചടഞ്ഞുകൂടിയാൽ ഏതു പിതൃഹൃദയമാണ് വേദനിക്കാതിരിക്കുക?

വിജയകരമായ ഒരു ജീവിതത്തിലേക്കു പ്രവേശിക്കാനുള്ള വിളി അനുസരിക്കാൻ പലർക്കുമുള്ള തടസ്സം ഇത്തരം ഒരു ജീവിതം അസാധ്യമാണെന്ന പിശാചിന്റെ മന്ത്രണത്തിന് അവർ ചെവി കൊടുക്കുന്നു എന്നതാണ്. അവിശ്വാസമാണ് അവരുടെ പ്രശ്നം. തോമസിനോട് യേശു പറഞ്ഞ 'അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക' എന്ന ശാസന അവർ കേട്ടിരുന്നെങ്കിൽ!

ഇത്തരം ഒരു ജീവിതം വിശുദ്ധരായ ചിലർക്കു മാത്രമേ സാധ്യമാകുകയുള്ളൂ എന്നാണ് മറ്റു ചിലരുടെ തടസ്സവാദം. എന്നാൽ ദൈവവചനത്തിലെ എല്ലാ വാഗ്ദാനങ്ങളും രാജകീയപുരോഹിതവർഗ്ഗമായ എല്ലാ വിശ്വാസികൾക്കും ഉള്ളതാണെന്നോർക്കുക. 'പാപത്തിന്മേൽ ജയമുള്ള ജീവിതം കൈയാളിയാൽ ജീവിതത്തിന്റെ എല്ലാ രസവും നഷ്ടപ്പെടും, അത് അരിഷ്ടമായ ഒരു ജീവിതമായിരിക്കും' എന്നെല്ലാമാണ് വേറെ ചിലരുടെ ചിന്ത. എന്നാൽ വാസ്തവത്തിൽ പാപത്താൽ തോൽപ്പിക്കപ്പെടുന്ന, രണ്ടു തോണിയിൽ കാലു ചവിട്ടുന്ന, ജീവിതമാണ് ഏറ്റവും അരിഷ്ടമായ ജീവിതം. മറിച്ച് ലക്ഷ്യത്തിൽ നോട്ടം ഉറപ്പിച്ച് മനസ് അതിൽ അർപ്പിച്ച് മുഴുശരീരവും കൊണ്ട് ലക്ഷ്യത്തിലേക്ക് ആയുന്ന വിജയകരമായ ജീവിതമാണ് ഏറ്റവും സന്തോഷകരമായ ജീവിതം.




# കോർത്തിണക്കുന്ന ചരട്

വിശുദ്ധ യോഹന്നാന്റെ സുവിശേഷം പതിനേഴാം അദ്ധ്യായത്തിൽ യേശുവിന്റെ പൗരോഹിത്യ പ്രാർത്ഥനയെപ്പറ്റി വിശദീകരിക്കുന്നു. തനിക്കുവേണ്ടിയും തന്റെ ശിഷ്യന്മാർക്കുവേണ്ടിയും വരാനിരിക്കുന്ന സമൂഹത്തിനുവേണ്ടിയും യേശു പ്രാർത്ഥിക്കുന്നു. ചിതറിപ്പോകാതെ ഒന്നിച്ചു നിർത്തണമേ എന്നാണ് യേശുവിന്റെ പ്രാർത്ഥന. ആരൊക്കെയാണ് ഒന്നിക്കേണ്ടത്? തീവ്രവാദിയായ ശിമയോനും പണക്കൊതിയനായ യൂദാസും സ്ഥാനമോഹികളായ സെബദീപുത്രന്മാരും ഒന്നിക്കണം. മാനുഷികമായ കഴിവുകൊണ്ട് അവർക്ക് ഒന്നിക്കാനാവില്ല. അവരെയെല്ലാം ഒന്നിപ്പിച്ചു കോർത്തിണക്കുന്ന ഒരു ചരടുണ്ടായിരുന്നു. അതായിരുന്നു ക്രിസ്തു. ഇഷ്ടമില്ലാത്ത ഭർത്താവിനെയും അകൽച്ച തോന്നുന്ന ഭാര്യയെയും ഒന്നിപ്പിക്കുന്നത് ക്രിസ്തു സാന്നിധ്യമാണ്.



മൂന്നുവിധത്തിലുള്ള ഒന്നാകലുകൾ നമ്മിൽ സംഭവിക്കേണ്ടതുണ്ട്. ദൈവവും ഞാനും കൂടി ഒന്നാകണം. മനുഷ്യനും മനുഷ്യനും കൂടി ഒന്നാകണം. മനുഷ്യനും അവന്റെ മനസ്സാക്ഷിയും തമ്മിൽ ഒന്നാകണം. മനുഷ്യൻ ദൈവത്തിൽ നിന്നകന്നപ്പോഴാണ് ദൈവം ചോദ്യവുമായി കടന്നുവന്നത്. "ആദം നീ എവിടെയാണ്?" ദൈവത്തോട് ഒന്നാകാതെ മനുഷ്യൻ നടക്കുമ്പോൾ അവന്റെ പാതകൾ ഇരുളുനിറഞ്ഞതായി മാറും. അനുഗ്രഹം നഷ്ടപ്പെട്ട മനുഷ്യനായി അവൻ അലഞ്ഞുതിരിയും. ദൈവവുമായുള്ള ഒന്നിപ്പ് നഷ്ടപ്പെട്ട മനുഷ്യന് സഹജീവികളുമായുള്ള ഒന്നിപ്പ് നഷ്ടപ്പെട്ടു. ദൈവത്തിൽ നിന്നകന്നവൻ മനുഷ്യനിൽ നിന്നകന്നു. "കായേൻ നിന്റെ സഹോദരൻ ആബേൽ എവിടെ?" എന്നു ചോദിച്ചുകൊണ്ട് മനുഷ്യജീവിതത്തിൽ വീണ്ടും ദൈവം കടന്നുവരുന്നു. ദൈവവുമായി ഒന്നിച്ചിരിക്കുന്നവന് മനുഷ്യനെ ഉൾക്കൊള്ളുവാൻ കഴിയും. ഏതൊരു വ്യക്തിയെയും അവന്റെ കുറവുകളോടുകൂടി ഉൾക്കൊള്ളുവാനുള്ള ഹൃദയവിശാലത അവനു ലഭിക്കുന്നു. തന്നോടുതന്നെയുള്ള ഒന്നിപ്പ് വളരെ പ്രധാനപ്പെട്ടതാണ്. വ്യക്തിത്വത്തിൽ വിഭജനമുള്ളവന് ഒന്നിനെയും ഉൾക്കൊള്ളാനാവില്ല. സ്വയം ശപിക്കുന്നവരും ക്ഷിപ്രകോപമുള്ളവരും എല്ലാറ്റിനെയും വിമർശിക്കുന്നവരുമായി അവൻ മാറും. ആത്മനിയന്ത്രണമില്ലാത്ത വാക്കുകൾ പറയുകയും പാത്രങ്ങൾ എറിഞ്ഞുടയ്ക്കുകയും ചുറ്റുവട്ടങ്ങളിൽ താളപ്പിഴകൾ സൃഷ്ടിക്കുകയും ചെയ്യും. ദൈവവുമായി ഒന്നിച്ചിരിക്കുന്നവന് ഇത്തരത്തിലുള്ള പ്രശ്നങ്ങളില്ല. എന്തിനെയും ശാന്തമായി നേരിടുവാനും വളരെ ശാന്തമായി മുന്നോട്ടു പോകുവാനും അങ്ങനെയുള്ളവർക്കു കഴിയും. ഭിന്നിപ്പിന്റെയും അസൂയയുടെയും ലോകത്തിൽ യേശുവിന്റെ പൗരോഹിത്യ പ്രാർത്ഥന എത്ര അർത്ഥവത്താണ്. മനുഷ്യർക്കിടയിലും രാജ്യത്തിനിടയിലും ഈ ഒന്നിപ്പ് സംഭവിച്ചിരുന്നെങ്കിൽ ലോകം എത്ര മനോഹരമാകുമായിരുന്നു.

യേശു തനിക്കുവേണ്ടിയും തന്റെ ശിഷ്യസമൂഹത്തിനുവേണ്ടിയും സഭയ്ക്കുവേണ്ടിയുമെല്ലാം പ്രാർത്ഥിക്കുന്നുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസം ഒരു കാലഘട്ടത്തിനു വേണ്ടി മാത്രമുള്ളതല്ല. വരുംകാല തലമുറയ്ക്ക് അതു കൈമാറുന്നതിനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. നമ്മുടെ ജീവിതം ഒരു പുഴയ്ക്ക് തുല്യമാണ്. നമുക്കു ലഭിച്ചിരിക്കുന്ന ജീവിതകാലം ഒരു ചെക്കുഡാം പോലെയുമാണ്. വെള്ളത്തെ മലിനമാകാതെ സൂക്ഷിച്ച് വരുംതലമുറയ്ക്കായി ഒഴുക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ അതു നമ്മുടെ പാപമാണ്.

യേശുവിന്റെ പൗരോഹിത്യപ്രാർത്ഥന നമ്മെ സ്വാധീനിക്കട്ടെ. വിള്ളലുകളും വിടവുകളുമുള്ള ലോകത്തിൽ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവാചകരായി നമുക്കു മാറാം. നമ്മെ തമ്മിലകറ്റുന്ന കാര്യങ്ങളെ മറന്ന് ഒന്നിപ്പിക്കുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കാം. ഏല്പിക്കപ്പെട്ട വിശ്വാസം വരുംകാല തലമുറയ്ക്കായി ഭദ്രമായി കൈമാറാം. സ്നേഹിക്കുക എന്ന കല്പന ശിരസ്സാ നിറവേറ്റി ലോകത്തിൽ നമുക്കു ജീവിക്കാം. നല്ലവനായ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.






## മതിലിലെ ദ്വാരം

സണ്ടേസ്കൂളിൽ അദ്ധ്യാപകൻ കാണാതെപോയ ആടിന്റെ ഉപമ അല്പം ഭാവന കലർത്തി ഇങ്ങനെ വിവരിച്ചു. 'ഒരു ഇടയൻ തന്റെ ആടുകളെ ഒരു മതിൽക്കെട്ടിനുള്ളിലാണ് രാത്രിയിൽ സുരക്ഷിതമായി പാർപ്പിച്ചിരുന്നത്. എന്നാൽ ആ ചുറ്റുമതിലിൽ ഒരു ചെറിയ ദ്വാരം ഉണ്ടായിരുന്നു. ഒരു രാത്രി കുസൃതിക്കാരനായ ഒരു കുഞ്ഞാട് ആ ദ്വാരത്തിലൂടെ നുഴഞ്ഞ് വെളിയിൽ കടന്നു. പുറത്തു ചെന്നായ്ക്കളുണ്ടെന്നും ആരും തനിയെ പുറത്തുപോകരുതെന്നും നേരത്തെ ഇടയൻ നൽകിയ മുന്നറിയിപ്പ് വകവയ്ക്കാതെയാണ് കുഞ്ഞാടു സൂത്രത്തിൽ പുറത്തുകടന്നത്. നല്ല നിലാവ്. പച്ചപ്പുൽത്തകിടിയും അകലെ വനവും. തനിക്കു ലഭിച്ച സ്വാതന്ത്ര്യത്തിൽ മതിമറന്ന് കുഞ്ഞാട് തുള്ളിച്ചാടി അകലേക്കു പോയി. പെട്ടെന്നൊരു ചെന്നായ് കുഞ്ഞാടിനെ പിടിക്കാൻ എത്തി. എന്നാൽ ഭാഗ്യത്തിന് ആ സമയത്ത് കാണാതെപോയ ആടിനെ അന്വേഷിച്ച് ഇടയനെത്തുകയും കുഞ്ഞാടിനെ രക്ഷിക്കുകയും ചെയ്തു.



കഥയിലെ പ്രധാന പോയിന്റുകൾ അദ്ധ്യാപകൻ കുട്ടികൾക്ക് പറഞ്ഞുകൊടുത്തു. നല്ലയിടയനായ കർത്താവ് തന്റെ കുഞ്ഞാടുകളെ കരുതുകയും പിശാചിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യുന്നു.

പെട്ടെന്ന് ഒരു കുട്ടി ചോദിച്ചു: 'സാറെ, ഇടയൻ ആ മതിലിലെ ദ്വാരം അടച്ചോ?'

പ്രിയ മാതാപിതാക്കളെ, അദ്ധ്യാപകരേ, സഭാശുശ്രൂഷകരേ, നിങ്ങളുടെ കുഞ്ഞുങ്ങൾ നുഴഞ്ഞിറങ്ങിപ്പോകാതിരിക്കാൻ നിങ്ങൾ മതിലിലെ ആ ദ്വാരം അടച്ചുവോ? (സദൃശ്യവാക്യം 22:6; ആവർത്തനം 6:7).

## ഇബ്നു ബത്തൂത്ത നല്കിയ സ്ഥലനാമങ്ങൾ



**678** കൊല്ലം മുമ്പ് കേരളം സന്ദർശിച്ച പ്രശസ്ത ലോകസഞ്ചാരിയാണ് അബു അബ്ദില്ല മുഹമ്മദ് ഇബ്നു അബ്ദില്ല അഥവാ ഇബ്നു ബത്തൂത്ത. 1304-ൽ മൊറോക്കോവിലെ ടാൻ ജീയർ എന്ന നഗരത്തിലാണ് ഇബ്നു ബത്തൂത്ത ജനിച്ചത്.

1325-ലാണ് ഇബ്നു ബത്തൂത്ത തന്റെ ലോകപ്രസിദ്ധമായ സാഹസിക സഞ്ചാരം ആരംഭിക്കുന്നത്. 1342-ൽ അദ്ദേഹം കോഴിക്കോട്ടെത്തി. കേരളത്തിനകത്തും പുറത്തുമുള്ള ഇന്നത്തെ സ്ഥലനാമങ്ങളും ഇബ്നു ബത്തൂത്ത നല്കിയ അന്നത്തെ പേരുകളും അറിയുന്നത് രസകരമാണ്. ചില ഉദാഹരണങ്ങൾ നോക്കാം.

ബഞ്ചാല എന്നാൽ ബംഗാൾ. ദെഹ് ലി എന്നാൽ ഡൽഹി. ഫാർസ് എന്നാൽ പേർഷ്യയും ഹീലി എന്നാൽ ഏഴിമലയുമാണ്. ഹിന്ദ് ഇന്ത്യയും, സൈലാൻ ശ്രീലങ്കയും, സീൻ ചൈനയും, സാമിരി സാമൂതിരിയും, ശാലിയാത്ത് ചാലിയവും, മുലൈബാർ മലബാറും, മത്തറ മധുരയും, മഞ്ചറൂർ മംഗലാപുരവും, ബദ് ഫത്തൻ വളപട്ടണവും, ഹന്ദരീന പന്തലായിനിയും, ദഹ്ഫത്തൻ ധർമ്മടവും, ജർഫത്തൻ ശ്രീകണ്ഠപുരവും, കാലിക്കൂത്ത് കോഴിക്കോടും, കലമ്പു കൊളംബോയുമാണ്.

## Learn English

## SOBRIQUET

ഒരാളുടെ യഥാർഥ പേരിനു പകരം ഉപയോഗിക്കുന്ന മറ്റൊരു പേരിനെ സൂചിപ്പിക്കുന്ന വാക്കാണ് 'Sobriquet' (സോബ്രികെയ്).

ഉദാഹരണത്തിന്, 'മഹാത്മാ' എന്നത് മഹാത്മാഗാന്ധിയുടെ 'സോബ്രികെയ്' ആണ്. 'ഗുരുദേബ്' എന്നത് ടാഗോറിന്റെ 'സോബ്രകെയ്'. ഫ്രഞ്ചിൽ നിന്ന് ഇംഗ്ലീഷിലേക്ക് കുടിയേറിയതാണ് ഈ വാക്ക്. Nom de plume എന്ന വാക്ക് 'Sobriquet' എന്ന വാക്കിനോട് സാമ്യമുള്ളതാണ്. 'നോം ദെ പ്ലൂം...' എന്ന് ഉച്ചരിക്കുന്ന ഈ വാക്കിന്റെ അർഥം തൂലികനാമം എന്നാണ്. എഴുത്തുകാരും മറ്റും യഥാർഥ വ്യക്തിത്വം മറച്ചുവയ്ക്കാൻ ഉപയോഗിക്കുന്ന മറ്റൊരു പേരാണ് തൂലികാനാമം. ഉദാഹരണത്തിന്, എം.കെ.മേനോൻ എന്ന എഴുത്തുകാരന്റെ തൂലികാനാമം അഥവാ 'nom de plume' ആണ് വിലാസിനി.

'Pen name', 'pseudonym' (സ്യൂഡോനിം) എന്നിവയാണ് 'nom de plume' ന് തുല്യമായ അർഥം വരുന്ന മറ്റ് ഇംഗ്ലീഷ് വാക്കുകൾ.

ഒരു കലാകാരന്റെ എല്ലാ കലാസൃഷ്ടികളെയും മൊത്തത്തിൽ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കാണ് 'oeuvre'. 'ആവ്യ' എന്നാണ് ഈ വാക്ക് ഉച്ചരിക്കേണ്ടത്.

## പ്രപഞ്ചാത്ഭുതങ്ങൾ



പ്രകാശം ഏതെങ്കിലുമൊരു വസ്തുവിൽ തട്ടി തിരികെ നമ്മുടെ കണ്ണുകളിൽ പതിക്കുമ്പോളാണ് നമ്മൾ ആ വസ്തുവിനെ കാണുന്നത് അതുപോലെ വളരെ ദൂരെയുള്ള നക്ഷത്രങ്ങളെ നാം കാണുന്നത് അവയിൽനിന്നുള്ള പ്രകാശം നമ്മുടെ കണ്ണിൽ പതിക്കുമ്പോൾ മാത്രമാണ്.

സൂര്യന്റെ ഏറ്റവുമടുത്തുള്ള നക്ഷത്രമായ പ്രോക്സിമാ സെൻടോറിയിലേക്ക് 4.2 പ്രകാശവർഷം ദൂരമുണ്ട്. അതായത് ആ നക്ഷത്രത്തിൽ നിന്ന് 4.2 വർഷം മുൻപ് പുറപ്പെട്ട പ്രകാശമാണ് ഇപ്പോൾ കാണുന്നതെന്നർഥം. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ 4.2 പ്രകാശവർഷം മുൻപുള്ള പ്രോക്സിമാ സെൻടോറിയെയാണ് ഇന്നു കാണുന്നത്. അങ്ങനെയെങ്കിൽ ചില നക്ഷത്രങ്ങളുടെ പ്രകാശം കോടിക്കണക്കിന് വർഷം സഞ്ചരിച്ചിട്ടുവേണം നമ്മുടെ കണ്ണുകളിലെത്താൻ. ഇതുപോലെ എത്രയെത്ര പ്രപഞ്ചാത്ഭുതങ്ങൾ... പ്രപഞ്ചത്തിൽ ഇനിയും കണ്ടെത്തുവാൻ എത്രയോ രഹസ്യങ്ങൾ... എല്ലാം കണ്ടെത്തിയെന്നും കീഴടക്കിയെന്നും മനുഷ്യർ വൃഥാ അഭിമാനിക്കുന്നു.



## ENGLISH Time

**ചങ്ങാത്തവും ചങ്ങാതിമാരുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിൽ ധാരാളം പ്രയോഗങ്ങൾ ഉണ്ട്. ഇതാ നോക്കൂ...**



Strike up a friendship
Become friends =സുഹൃത്താവുക



A shoulder to cry on / some one who listens to your problems = ദുഃഖങ്ങൾ പങ്കിടാൻ പറ്റിയ ആൾ

To bury the hatchet
Enda conflict
=പിണക്കം അവസാനിപ്പിക്കുക

Like two peas in a pod
Very similar
= ഒരേ പോലെ

Friends in high places
Has friends who have important or influential positions
= ഉന്നത പദവിയിലുള്ള ചങ്ങാതിമാർ

To be as thick as thieves
Be very close or friendly
ഉറ്റ ചങ്ങാതിമാർ

To build bridges
Promote friendly relations between people or groups
സൗഹൃദപരമായ ഇടപെടൽ

To know someone inside out / Know someone very well
ഒരാളെ നന്നായി മനസിലാക്കൽ

## അറിയപ്പെടാത്ത വൻകര!



വടക്കേ പകുതിയിൽ ഇത്രയും കരപ്രദേശം ഉണ്ടെങ്കിൽ തെക്കേ ഭാഗത്തും കുറേ കര ഉണ്ടായേ പറ്റൂ! പണ്ട് ഭൂപടങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ച പണ്ഡിതന്മാരുടെ തോന്നൽ അതായിരുന്നു. എന്നാൽ, അങ്ങനെയൊരു കര അന്നാരും കണ്ടിട്ടില്ലായിരുന്നു.

എങ്കിലും ആ സാങ്കല്പിക വൻകര ഭൂപടങ്ങളിൽ അവർ വരച്ചുചേർത്തു. ഏകദേശം 1800 കൊല്ലം മുൻപ് ജീവിച്ചിരുന്ന ടോളമി എന്ന ഗ്രീക്ക് പണ്ഡിതൻ 'ടെറാ ഓസ്ട്രാലിസ് ഇൻകോഗ്നിറ്റ' എന്നാണ് ഇതിനെ വിളിച്ചത്. 'തെക്കുള്ള അറിയപ്പെടാത്ത കര' എന്നർഥം. 'ഓസ്ട്രേലിയ' എന്ന പേര് വന്നത് ഇതിൽനിന്നാണ്.

1606 ൽ വില്യം ജാൻസൂൺ എന്ന ഡച്ച് നാവികൻ ഓസ്ട്രേലിയയിലെത്തി. ആദ്യം ഡച്ചുകാർ ഈ വൻകരയെ 'ന്യൂ ഹോളണ്ട്' എന്നാണ് വിളിച്ചിരുന്നത്. പതിനെട്ടാം നൂറ്റാണ്ടിൽ ജോർജ് ഷാ എന്ന സസ്യശാസ്ത്രജ്ഞൻ 'ഓസ്ട്രേലിയ' എന്ന പേര് ഉപയോഗിച്ചു. ഈ പേര് പിന്നീട് പ്രശസ്തമാവുകയും ചെയ്തു.



# ശുദ്ധിയുള്ള മൃഗങ്ങളും ആത്മീയ ശുദ്ധിയും





## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

**ബൈ**ബിളിലെ ലേവ്യപുസ്തകം പലരും വായിച്ചിരിക്കാൻ ഇടയില്ല. വായിച്ചവരിൽത്തന്നെ ആ പുസ്തകത്തിൽ നിന്നും പ്രായോഗികമോ ആത്മീയമോ ആയ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുള്ളവർ തന്നെ ചുരുക്കമായിരിക്കും. ഇന്നത്തെ സമൂഹത്തിനു പ്രസക്തമല്ലാത്ത പല ചട്ടങ്ങളും പ്രമാണങ്ങളും ലേവ്യാപുസ്തകത്തിൽ കാണാം. ആത്മീയമായ കാരണങ്ങളാൽ അല്ലാതെ മരുഭൂമിയിലൂടെ സഞ്ചരിക്കുന്ന യിസ്രായേൽ ജനത്തിന് ആരോഗ്യസംരക്ഷണത്തിനായി നൽകപ്പെട്ടവയായിരുന്നു ഇത്തരം പ്രമാണങ്ങൾ. എന്നാൽ ആത്മീയപാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന ചില പ്രമാണങ്ങൾ ഈ പുസ്തകത്തിൽ കണ്ടെത്താൻ കഴിയും. ആ കൂട്ടത്തിൽ ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ മൃഗങ്ങളെ സംബന്ധിച്ച് രണ്ടു നിയമങ്ങൾ ലേവ്യർ 11-ാം അദ്ധ്യായത്തിൽ കാണാം. അവയെപ്പറ്റിയാകട്ടെ ഈ മാസത്തെ നമ്മുടെ ചിന്ത.

യിസ്രായേൽജനത്തിനു ശുദ്ധിയുള്ള മൃഗങ്ങളെ സംബന്ധിച്ചു നൽകപ്പെട്ട രണ്ടു പ്രമാണങ്ങൾ ആ അദ്ധ്യായത്തിന്റെ മൂന്നാം വാക്യത്തിലും ഒൻപതാം വാക്യത്തിലും കാണുന്നു. (1) മൃഗങ്ങളിൽ കുളമ്പു പിളർന്നിരിക്കുന്നതും അയവിറക്കുന്നതുമായതൊക്കെയും നിങ്ങൾക്കു തിന്നാം (ലേവ്യ.11:3). (2) കടലുകളിലും നദികളിലും ഉള്ള വെള്ളത്തിൽ ചിറകും ചെതുമ്പലും ഉള്ളതൊക്കെയും നിങ്ങൾക്കു തിന്നാം (9).



പുതിയനിയമം ഗ്രഹിച്ചിട്ടുള്ള നമുക്കറിയാം അക്ഷരാർത്ഥത്തിൽ ഈ പ്രമാണം ഇന്നു ദൈവജനം അനുസരിക്കേണ്ടവയല്ലെന്ന്. അപ്പോസ്തലപ്രവൃത്തികൾ പത്താമദ്ധ്യായത്തിൽ ദൈവം പത്രോസിനോട് സംസാരിക്കുമ്പോൾ ഈ കാര്യം വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ശുദ്ധിയുള്ള മൃഗങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്ന വിശേഷതകൾക്ക് ഒരു ആത്മീയപ്രസക്തിയുണ്ട്. ദൈവത്തെക്കുറിച്ചും അവിടുത്തെ മനസ്സിനെക്കുറിച്ചും കുറച്ചുകൂടി മെച്ചമായ ധാരണ ലഭിക്കാൻ സഹായകമാകുമെങ്കിൽ ഈ ചിന്തകൾ നിങ്ങൾക്കും സ്വീകരിക്കാം. ആത്മീയമായി ശുദ്ധിയുള്ളവരായിരിക്കുവാൻ മേൽപ്പറഞ്ഞ രണ്ടു വചനങ്ങളിൽനിന്നു നാലു പ്രമാണങ്ങൾ നമുക്ക് കാണുവാൻ കഴിയും. (1) അയവിറക്കുന്ന സ്വഭാവം. (2) കുളമ്പു പിളർന്നിരിക്കുക. (3) ചെതുമ്പൽ ഉണ്ടായിരിക്കുക. (4) ചിറകുകൾ ഉണ്ടായിരിക്കുക.

അയവിറക്കുക: മൃഗങ്ങൾ തിന്നുന്ന ഭക്ഷണം അല്പനേരത്തിനു ശേഷം ആമാശയത്തിൽനിന്നു വീണ്ടും വായിലേക്കു കൊണ്ടുവന്ന് നല്ലവണ്ണം ചവച്ചരച്ച് വീണ്ടും വിഴുങ്ങുന്ന പ്രക്രിയയാണല്ലോ അയവിറക്കൽ. ഏറ്റവും നന്നായി ചവച്ചരയ്ക്കുന്നതിന്റെ ലക്ഷണമാണ് അയവിറക്കൽ. ദൈവവചനമാണ് നമ്മുടെ ആത്മീയഭക്ഷണം. യേശു തന്റെ മരുഭൂമിയിലെ പരീക്ഷാ സമയത്ത് പിശാചിനോട് ഈ കാര്യം വ്യക്തമാക്കുന്നുണ്ട് (മത്താ.4:4). ദൈവവചനം ഇടവിടാതെ ധ്യാനിക്കുന്നത് അയവിറക്കുന്നതിനു തുല്യമാണ്. ദൈവവചനം പ്രാഥമികമായി ചിന്തിച്ചതിനുശേഷം പിന്നീട് അതേ വചനം ഓർമ്മയിലേക്കു കൊണ്ടുവന്ന് ധ്യാനിക്കേണ്ട ആവശ്യമുണ്ട്. ദൈവവചനമാകുന്ന ഭക്ഷണം ഞാൻ വെറുതേ വിഴുങ്ങാതെ അയവിറക്കാൻ പഠിക്കണം. വെറും വായനയിൽ തൃപ്തരാകാതെ ധ്യാനിക്കുന്നത് പരിചയമാക്കണം. ദൈവവചനം കൂടെക്കൂടെ ധ്യാനിക്കുന്നതിനാൽ ലോകത്തിൽ ശുദ്ധിയുള്ളവരായി ജീവിക്കുവാൻ സാധിക്കും. എല്ലായിപ്പോഴും നമുക്കു വചനം അയവിറക്കാൻ കഴിയുമല്ലോ.

കുളമ്പുകൾ പിളർന്നിരിക്കുക: ഒരു മൃഗം ശുദ്ധിയുള്ളതാവാൻ ഭക്ഷണം അയവിറക്കിയാൽ മാത്രം പോരാ, കുളമ്പു പിളർന്നിരിക്കുകയും വേണം. ആത്മീയജീവിതത്തിൽ ധ്യാനിക്കുന്ന ദൈവവചനം പ്രായോഗികനടപ്പുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കണം. കുളമ്പുകൾ പോലെ ഏറ്റവും അധികം കഠിനമായ ഭാഗങ്ങൾ തകർക്കപ്പെടുന്ന തരത്തിൽ വചനം ക്രിയ ചെയ്യണം. മുമ്പു പിളർക്കുവാൻ പ്രയാസമായിരുന്ന പാപത്തിന്റെ കാഠിന്യമേറിയ മേഖലകൾ ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ട് നുറുക്കപ്പെടേണ്ടതുണ്ട്. ഒരു മൃഗത്തിനു പിളർന്ന കുളമ്പുകൾ ഉണ്ടെങ്കിലും അയവിറക്കുന്നില്ലെങ്കിൽ അത് ശുദ്ധിയുള്ളതല്ല എന്നോർക്കുക. സ്വന്തശക്തിയിൽ ആശ്രയിച്ച് എന്നിൽ ഉണ്ടാകുന്ന ഒരുതരം നുറുക്കം ദൈവസന്നിധിയിൽ സ്വീകാര്യമല്ല. ദൈവവചനം നിമിത്തം ആത്മാവും ജഡവും തമ്മിലുള്ള ഒരു വിഭജനം-അതാണ് എനിക്കാവശ്യമായിരിക്കുന്നത്.

ചെതുമ്പലുകൾ: മത്സ്യങ്ങൾക്കു ചെതുമ്പലുകൾ ഒരു സംരക്ഷണ കവചമാണ്. മരണകാരണമാകാവുന്ന ജലത്തിലെ വസ്തുക്കളിൽനിന്നു മത്സ്യത്തെ സംരക്ഷിക്കുവാൻ ചെതുമ്പലുകൾക്കു കഴിവുണ്ട്. ദൈവത്തിൽനിന്നും എന്നെ അകറ്റിക്കളയുന്ന ഒരു ലോകവ്യവസ്ഥിതിയിൽ ജീവിക്കുന്ന എനിക്ക് എപ്പോഴും ആത്മീയ ചെതുമ്പലുകൾ ആവശ്യമാണ്. ദൈവികസംസർഗ്ഗത്തിലുള്ള ആത്മീയജീവിതം ഈ വിധം സംരക്ഷിക്കപ്പെടും. ലോകത്തെ പ്രതിയോഗിയായി കാണുകയാണ് എന്റെ അടിസ്ഥാനപരമായ ആവശ്യം. ലോകത്തെ ഒരു മിത്രമായിക്കാണുന്ന ഒരാൾ ലോകത്തിൽ നിന്നുള്ള ആക്രമണത്തെപ്പറ്റി അശ്രദ്ധയുള്ളവനായിരിക്കും. 'ലോകമെനിക്കു വൈരി' എന്നോർമ്മിപ്പിക്കുന്ന ദൈവവചനം ഞാൻ കൂടെക്കൂടെ അയവിറക്കേണ്ടതുണ്ട്. ദൈവത്തെയും മാമോനെയും സേവിക്കാൻ ഒരേ സമയം എനിക്കു കഴിയുകയില്ല (മത്താ.6:24). യേശുവിന്റെ മുഖത്തുള്ള ദൈവതേജസ്സ് കാണാതെ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ കണ്ണു കുരുടാക്കിയിരിക്കുന്നു (2 കൊരി. 4:4). ഞാൻ ലോകത്തിനും ലോകം എനിക്കും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ.6:14). ഈ വചനങ്ങൾ ധ്യാനിക്കുമ്പോൾ ഞാൻ എന്റെ ജീവിതത്തെ ശോധന ചെയ്യുകയും ലോകവ്യവസ്ഥിതിക്കെതിരെയുള്ള എന്റെ സംരക്ഷണകവചത്തെ ശക്തമാക്കുകയും ചെയ്യും.







# തിരക്ക്, തിരക്കോടുതിരക്ക്

ഭാവന

**ഒ**രു രാജ്യാന്തര സമ്മേളനം സാത്താൻ വിളിച്ചുകൂട്ടി. തന്റെ ആമുഖപ്രസംഗത്തിൽ സാത്താൻ പറഞ്ഞു: "ആളുകളെ പ്രാർത്ഥനയ്ക്ക് പോകുന്നതിൽനിന്ന് തടയുവാൻ നമുക്കു കഴിയുകയില്ല. ബൈബിൾ വായിച്ച് സത്യം മനസ്സിലാക്കുന്നതിൽ നിന്ന് അവരെ പിന്തിരിപ്പിക്കുവാനും സാധ്യമല്ല. തങ്ങളുടെ രക്ഷകനുമായി ഒരു ബന്ധം സ്ഥാപിക്കുന്നതിൽനിന്ന് അവരെ തടയുവാൻ പോലും പലപ്പോഴും നമുക്കു സാധിക്കുന്നില്ല. അതുകൊണ്ട് അവർ ആരാധനയ്ക്ക് പൊയ്ക്കോട്ടെ. അവിടുത്തെ പരിപാടികളിലെല്ലാം പങ്കെടുത്തോട്ടെ. എന്നാൽ യേശുക്രിസ്തുവുമായി നിരന്തരബന്ധത്തിൽ തുടരുവാൻ അവർക്കു നമ്മൾ സമയം കൊടുക്കരുത്. അതേ, അവരുടെ സമയത്തെ നാം കവർന്നെടുക്കണം.



സാത്താൻ ശബ്ദം ഉയർത്തി ആവർത്തിച്ചു: "തങ്ങളുടെ രക്ഷകനെ പിടിച്ചുകൊള്ളുന്നതിൽ നിന്നും, ദിവസം മുഴുവൻ താനുമായി അർത്ഥവത്തായ ഒരു ബന്ധം നിലനിർത്തുന്നതിൽനിന്നും, എന്തു വിലകൊടുത്തും അവരെ തടഞ്ഞേ മതിയാകൂ. അതു നിങ്ങൾ ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്."

"അതു ഞങ്ങൾക്ക് എങ്ങനെ ചെയ്യാൻ കഴിയും?" പിശാചുക്കൾ ഏകസ്വരത്തിൽ വിളിച്ചു ചോദിച്ചു. അനുചരന്മാരുടെ ഉത്സാഹം കണ്ട് സന്തുഷ്ടനായ സാത്താൻ ഒന്നു പല്ലിളിച്ചു. എന്നിട്ട് താല്പര്യപൂർവ്വം തുടർന്നു: "ജീവിതത്തിലെ അത്യാവശ്യം ഇല്ലാത്ത കാര്യങ്ങളിൽ അവരെ തിരക്കുള്ളവരാക്കുക. അവരുടെ മനസ്സ് സദാ ഓരോ കാര്യങ്ങളിൽ വ്യാപൃതമായിരിക്കട്ടെ."

അവൻ ഒന്നു നിർത്തി കണ്ഠശുദ്ധി വരുത്തിയശേഷം പറഞ്ഞു: "പണം ചെലവു ചെയ്യാൻ അവരെ പ്രേരിപ്പിക്കുക. ചെലവാകട്ടെ, ചെലവാക്കട്ടെ, പിന്നെ കടം വാങ്ങട്ടെ, അവരുടെ ഭാര്യമാരെ നീണ്ട മണിക്കൂറുകളിലേക്കു ജോലിക്കുപോകാൻ പ്രേരിപ്പിക്കുക. ഭർത്താക്കന്മാരും ഓരോ ആഴ്ചയും ആറും ഏഴും ദിവസം ജോലിക്കുപോകട്ടെ. പത്തും പന്ത്രണ്ടും മണിക്കൂർ നീണ്ടുനിൽക്കുന്ന ജോലി. കുട്ടികളോടൊത്ത് ചെലവഴിക്കാൻ അവർക്കു സമയം കിട്ടരുത്. അവരുടെ കുടുംബങ്ങൾ ജോലിയുടെ സമ്മർദ്ദം കൊണ്ടു വീർപ്പുമുട്ടട്ടെ. കുടുംബബന്ധങ്ങളിൽ ക്രമേണ വിള്ളലുകൾ വീഴും. അവരുടെ മനസ്സിനെ സദാ ഉൽക്കണ്ഠയുടെ മുൾമുനയിൽ നിർത്തുക. അപ്പോൾ അവർക്കു രക്ഷകന്റെ നേർത്ത മന്ദമായ സ്വരം കേൾക്കാൻ കഴിയുകയില്ല.

വണ്ടിയോടിച്ചു പോകുമ്പോൾ ഉൾപ്പെടെ എപ്പോഴും അവർ സംഗീതവും സിനിമയും ആസ്വദിച്ചുകൊണ്ടിരിക്കട്ടെ. വീടുകളിലെ ടിവി, ഫോൺ, പേഴ്സണൽ കംപ്യൂട്ടർ എന്നിവയെല്ലാം സദാസമയവും പ്രവർത്തിച്ചുകൊണ്ടിരിക്കട്ടെ. എല്ലാ റെസ്റ്റോറന്റുകളും കടകളും ജഡികോല്ലാസം പകരുന്ന സംഗീതത്താൽ മുഖരിതമാക്കുക. ഇതെല്ലാം അവരുടെ മനസ്സിനെ ഞെരുക്കുകയും ക്രിസ്തുവിനോടുള്ള ബന്ധത്തെ മുറിക്കുകയും ചെയ്യും.

മേശപ്പുറങ്ങളെ മാസികകൾക്കൊണ്ടും വർത്തമാനപ്പത്രങ്ങൾകൊണ്ടും നിറയ്ക്കുക. ഇരുപത്തിനാലു മണിക്കൂറും വാർത്തകൾ സംപ്രേഷണം ചെയ്യുന്ന ചാനലുകൾ അവരുടെ സ്വസ്ഥത നശിപ്പിക്കും. അവരുടെ എഴുത്തുപെട്ടികൾ കാറ്റലോഗുകൾ, പുതിയ ഉൽപന്നങ്ങളുടെ സൗജന്യ വില്പനകളെക്കുറിച്ചുള്ള അറിയിപ്പുകൾ, ആദായകരമായി സാധനങ്ങൾ വാങ്ങാനുള്ള ഓഫറുകൾ, സൗജന്യ സേവനങ്ങളെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ വ്യാജപ്രതീക്ഷ ഉണർത്തുന്ന പരസ്യനോട്ടീസുകൾ എന്നിവകൊണ്ടു നിറയട്ടെ.

പത്രമാസികകളുടെ പുറംചട്ടകളും, ടി.വി പരിപാടികളും മോഡലുകൾ കയ്യടക്കട്ടെ. അതു തുടർച്ചയായി കണ്ട് ബാഹ്യസൗന്ദര്യമാണു പ്രധാനമെന്ന് ഭർത്താക്കന്മാർ ചിന്തിച്ചുതുടങ്ങും. ഭാര്യമാരെക്കുറിച്ച് അതൃപ്തരാകുകയും ചെയ്യും. പകലത്തെ അധ്വാനത്തിനുശേഷം തികച്ചും ക്ഷീണിതരായി കിടക്കയിൽ എത്തുന്ന ഭാര്യമാർ ഭർത്താക്കന്മാരെ ശ്രദ്ധിക്കാതിരിക്കട്ടെ. പോരെങ്കിൽ അവർക്ക് അസഹനീയമായ തലവേദനയും നൽകൂ. അർഹമായ സ്നേഹം ലഭിക്കാതിരിക്കുമ്പോൾ ഭർത്താക്കന്മാർ വീണ്ടും അസംതൃപ്തരാകും. കുടുംബബന്ധങ്ങൾ വളരെ വേഗം ശിഥിലമായിക്കൊള്ളും. ദൈവത്തെക്കുറിച്ചു ചിന്തിക്കാതിരിക്കാൻ അവരുടെ കുട്ടികൾക്ക് അമാനുഷിക കഥാപാത്രങ്ങളെക്കുറിച്ചുള്ള കഥകൾ നൽകുക. പുനരുത്ഥാനത്തെക്കുറിച്ചും

ശേഷം പേജ് 6 കാണുക

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# അതു തുടക്കം മാത്രം

സിനിമാസ്കോപ്പിൽ ആദ്യമായി നിർമ്മിക്കപ്പെട്ട സിനിമയാണ് "ദ റോബ്". 1953 -ൽ പുറത്തിറങ്ങിയ ഈ ഹോളിവുഡ് ചിത്രത്തിന് രണ്ട് ഓസ്കാർ അവർഡുകളും ഏറ്റവും നല്ല ചിത്രത്തിനും ഏറ്റവും നല്ല നടനുമുള്ള ഓസ്കാർ നോമിനേഷനും ലഭിക്കുകയുണ്ടായി.

ലോയ്ഡ് ഡഗ്ളസ് "ദ റോബ്" എന്ന പേരിൽ പ്രസിദ്ധീകരിച്ച നോവലിനെ ആധാരമാക്കിയാണ് ഫ്രാങ്ക് റോസ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്. ഹെൻറി കോസ്റ്റർ സംവിധാനം ചെയ്തിരിക്കുന്ന ഈ ചിത്രത്തിലെ പ്രധാന നടിനടന്മാർ റിച്ചാർഡ് ബർട്ടനും ജീൻ സിമൺസുമാണ്.



ദൈവപുത്രനായ യേശുവിന്റെ കുരിശുമരണത്തെയും അവിടുത്തെ മേലങ്കിയേയും ചുറ്റിപ്പറ്റി മെനഞ്ഞെടുത്തിരിക്കുന്ന ഈ സിനിമയിലെ കഥ ഏറെ ഹൃദയഹാരിയാണ്: യേശുവിന്റെ കുരിശുമരണത്തിന്റെ അവസരത്തിൽ അവിടുത്തെ മേലങ്കിക്കുവേണ്ടി റോമൻ പടയാളികൾ നറുക്കെടുത്ത കാര്യം സുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ടല്ലോ. സിനിമയിലെ കഥയനുസരിച്ച് മാഴ്സലസ് ഗാലിയോ എന്ന റോമൻ ശതാധിപനാണു യേശുവിന്റെ മേലങ്കി നറുക്കെടുപ്പിലൂടെ ലഭിച്ചത്.

എന്നാൽ ഈ മേലങ്കി അധികസമയം കൈവശം വയ്ക്കാൻ ഗാലിയോയ്ക്കു സാധിച്ചില്ല. അയാളുടെ അടിമയായ ഡെമിട്രയസ് മേലങ്കിയുമായി യേശുവിനെ സേവിക്കാൻ വേണ്ടി ഓടി രക്ഷപ്പെട്ടു. ഇതേത്തുടർന്ന് ഗാലിയോയുടെ മാനസിക നിലയിൽ കാര്യമായ തകരാറു സംഭവിച്ചു. ഗാലിയോ റോമിൽ മടങ്ങിയെത്തിയ ഉടനേ ചക്രവർത്തിക്കു ഗാലിയോയുടെ രോഗം മനസിലായി. എത്രയുംവേഗം യേശുവിന്റെ മേലങ്കി കണ്ടുപിടിച്ച് അതു നശിപ്പിക്കാൻ ചക്രവർത്തി ഗാലിയോയോട് ആജ്ഞാപിച്ചു.

മേലങ്കി അന്വേഷിച്ച് ഗാലിയോ വീണ്ടും പലസ്തീനായിലേക്ക് മടങ്ങി. ഒരു കച്ചവടക്കാരന്റെ വേഷത്തിലായിരുന്നു ഗാലിയോ പലസ്തീനായിൽ മടങ്ങിയെത്തിയത്. യേശുവിന്റെ മേലങ്കി അന്വേഷിച്ച് ഗാലിയോ അവസാനം എത്തിച്ചേർന്നത് യേശുവിന്റെ അനുയായികൾ ധാരാളം ഉണ്ടായിരുന്ന കാനായിലായിരുന്നു.

അവിടെവച്ച് യേശുവിന്റെ അത്ഭുതങ്ങളെക്കുറിച്ച് അയാൾ ഒട്ടേറെ കേട്ടു. അവിടുന്ന് പുനരുത്ഥാനം ചെയ്തുവെന്നും അവർ അയാളോടു പറഞ്ഞു. ഉടനേ ഗാലിയോ പൊട്ടിത്തെറിക്കുകയാണ്: "അവൻ ക്രൂശിക്കപ്പെട്ടു. അത് അവന്റെ അവസാനമായിരുന്നു."

അപ്പോൾ യേശുവിന്റെ അനുയായികളിലൊരാളായ ഒരു സാധുസ്ത്രീ അയാളോടു ശാന്തസ്വരത്തിൽ പറയുകയാണ്: "അല്ല, അത് ഒരു തുടക്കം മാത്രമായിരുന്നു."

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് മനുഷ്യരക്ഷയ്ക്കായി യേശു കുരിശിൽ മരിച്ചപ്പോൾ പലരും വിചാരിച്ചു അത് യേശുവിന്റെ അവസാനമായിരുന്നു എന്ന്. എന്നാൽ "ദ റോബ്" എന്ന സിനിമയിലെ സാധുസ്ത്രീ ശതാധിപനായ ഗാലിയോയോടു പറഞ്ഞതുപോലെ യേശുവിന്റെ മരണം ഒരു തുടക്കം മാത്രമായിരുന്നു.... പുതിയൊരു ജീവിതത്തിന്റെ ഉജ്ജ്വലമായ തുടക്കം. ജീവിച്ചിരുന്ന കാലത്ത് താൻ പുനരുത്ഥാനവും ജീവനുമാണെന്ന് യേശു അവകാശപ്പെട്ടിരുന്നു. ആ അവകാശവാദം ശരിയായിരുന്നു എന്ന് തെളിയിച്ചുകൊണ്ടാണ് മരണശേഷം മൂന്നാംദിവസം അവിടുന്ന് ഉത്ഥാനം ചെയ്തത്.

"ദ റോബ്" എന്ന സിനിമയിലേക്ക് മടങ്ങിവരട്ടെ: യേശുവിന്റെ മേലങ്കി അന്വേഷിച്ചുനടന്ന ഗാലിയോ അവസാനം ഡെരിട്രിയസിനെ കണ്ടുമുട്ടി മേലങ്കി തിരികെ വാങ്ങി.

യേശുവിന്റെ ആ മേലങ്കി നശിപ്പിച്ചാൽ തന്റെ രോഗം ഭേദമാകുമെന്നു പറഞ്ഞുകൊണ്ട് ഗാലിയോ അതു നശിപ്പിക്കുവാൻ ഒരുങ്ങി. അപ്പോൾ ഡെരിട്രിയസ് പറയുകയാണ്: "ഈ മേലങ്കിയല്ല, താങ്കളുടെ മനസ്സാക്ഷിയാണ് താങ്കളെ രോഗിയാക്കിയിരിക്കുന്നത്."

അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം ഡെമിട്രയസ് വീണ്ടും പറയുകയാണ്: താങ്കൾക്കും വേണ്ടിക്കൂടിയാണ് അവിടുന്ന് കുരിശിൽ മരിച്ചത്.

ഡെമിട്രിയസിന്റെ വാക്കുകൾ ഗാലിയോയുടെ ഹൃദയത്തിൽ ആഞ്ഞുതറച്ചു. തന്റെ ഹൃദയത്തിലേക്ക് സമാധാനത്തിന്റെ രശ്മികൾ കടന്നുവരുന്നതായി അയാൾക്കു തോന്നി. അപ്പോൾ ഡെമിട്രിയസ് വീണ്ടും പറയുകയാണ്. "കുരിശിൽ കിടന്നുകൊണ്ട് അവിടുന്ന് എത്ര പണ്ടേ താങ്കളോടു ക്ഷമിച്ചുകഴിഞ്ഞിരിക്കുന്നു. താങ്കൾ സമാധാനമായിരിക്കൂ."

യേശു തന്നോടു ക്ഷമിച്ചിരിക്കുന്നു എന്നു കേട്ട ആ നിമിഷം ഗാലിയോ തന്റെ ഭയത്തിൽ നിന്നും രോഗത്തിൽ നിന്നും മോചിതനായി. അയാൾ യേശുവിൽ സമാധാനവും ശാന്തിയും കണ്ടെത്തി.

നാം എത്ര തെറ്റു ചെയ്തിട്ടുള്ളവരാണെങ്കിലും യേശു നമ്മോടു ക്ഷമിക്കും എന്നു വിശ്വസിച്ചുകൊണ്ട് അവിടുത്തെ നാം ഏറ്റുപറഞ്ഞാൽ നാം സമാധാനവും ശാന്തിയും കണ്ടെത്തുമെന്നു തീർച്ചയാണ്. കാരണം നമുക്കു ശാന്തിയും സമാധാനവും നവജീവനും നൽകാൻ വേണ്ടിയിട്ടാണല്ലോ അവിടുന്ന് കുരിശിൽ മരിച്ചതും മൂന്നാംദിവസം ഉത്ഥാനം ചെയ്തതും. യേശുവിൽനിന്ന് പാപമോചനവും നവജീവനും പ്രാപിച്ച ഗാലിയോ പിന്നീടൊരവസരത്തിൽ പറയുകയാണ്: "എന്റെ ജീവനിൽ കൂടുതലായി ഞാൻ അവിടുത്തോടു കടപ്പെട്ടിരിക്കുന്നു. കാരണം, അവിടുന്ന് എന്നോടു ക്ഷമിച്ചു." എനിക്ക് സമാധാനവും സന്തോഷവും നൽകിയിരിക്കുന്നു.

യേശുവിന്റെ ഉത്ഥാനം അനുസ്മരിക്കുമ്പോൾ നാമും ഇക്കാര്യം ഓർമ്മിക്കുകയും എടുത്തുപറയുകയും ചെയ്യേണ്ടതായിട്ടുണ്ട്. കാരണം, യേശു നമ്മുടെയും തെറ്റുകൾ ഹൃദയപൂർവ്വം ക്ഷമിക്കുകയും നമുക്കു നവജീവൻ നല്കുകയും ചെയ്യുന്നുണ്ട്.

നവജീവൻ നല്കുന്ന യേശുവിനോട് നാമും നമ്മുടെ ജീവനിൽക്കൂടുതലായി കടപ്പെട്ടിരിക്കുന്നു. എന്നാൽ നമുക്കു നവജീവനും ശാന്തിയും സമാധാനവുമൊക്കെ നല്കുന്ന യേശുവിനോട് നമുക്കുള്ള കടപ്പാട് നാം കാണിക്കാറുണ്ടോ?


തന്റെ ജീവിതത്തെ പൂർണ്ണമായും യേശുവിനു സമർപ്പിച്ചുകൊണ്ടാണ് ഗാലിയോ യേശുവിനോടു തനിക്കുള്ള കടപ്പാട് പ്രകടിപ്പിച്ചത്. അതുപോലെ നമ്മെ പൂർണ്ണമായും അവിടുത്തേക്ക് സമർപ്പിക്കാം. അപ്പോൾ നമുക്കും ശാന്തിയും സമാധാനവും സംലഭ്യമാകും; നവജീവിതത്തിനു നാമും അവകാശികളാകും.

# കത്തോലിക്കാ: സഭയോ മതമോ?

തുടർച്ച - 12

ടെൻസിംഗും ഹിലാരിയും എവറസ്റ്റ് കൊടുമുടി കീഴ്പ്പെടുത്താൻ കയറിയപ്പോൾ ഭാരമുള്ള സാധനങ്ങൾ ഉപേക്ഷിച്ചതായി വായിച്ചിട്ടുണ്ട്. സ്വർഗ്ഗരാജ്യത്തേക്കുള്ള യാത്രയിലും പാപവും ഭാരവും ഉപേക്ഷിക്കാൻ ശ്രദ്ധിക്കണം അല്ലെങ്കിൽ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുകയില്ല.

നിങ്ങൾ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ട് ഒരു ക്രിസ്ത്യാനി ആകുന്നില്ല. ഒരു ആശാരി കുടുംബത്തിൽ ജനിച്ചതുകൊണ്ട് നീ ഒരു ആശാരി ആകുന്നില്ലല്ലോ! ഞാൻ ഒരു ആശുപത്രിയിലാണ് ജനിച്ചത്. അത് എന്നെ ഒരു ഡോക്ടർ ആക്കില്ല. ബൈബിൾ "ജനിച്ച ക്രിസ്ത്യാനികളെപ്പറ്റി" ഒരു വാക്കും പറഞ്ഞിട്ടില്ല. പിന്നെയോ നിങ്ങൾ പുതുതായി ജനിക്കേണം" എന്നാണ് പറഞ്ഞിരിക്കുന്നത് (യോഹ.3:7).



പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിനെ നിന്റെ ഹൃദയത്തിൽ രക്ഷിതാവായി സ്വീകരിക്കുകയും അവൻ തന്റെ രക്തത്താൽ പാപങ്ങളെ കഴുകി ശുദ്ധീകരിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവ് നിന്റെ ഹൃദയത്തിൽ ഒരു അതിശയം പ്രവർത്തിക്കും - നീ വീണ്ടും ജനനം പ്രാപിക്കും. അപ്പോൾ മാത്രമേ നിനക്ക് യേശുവുമായി ബന്ധം സ്ഥാപിക്കാൻ കഴിയൂ.

ദൈവം കരുണ കാണിക്കുന്നത് അഥവാ ദീർഘക്ഷമയോടെ കാത്തിരിക്കുന്നത് നമ്മെ അനുതാപത്തിലേക്ക് നയിക്കുന്നതിനു വേണ്ടിയാണെന്ന് റോമ.2:4-ലും, 2 പത്രോ.3:9-ലും എഴുതപ്പെട്ടിട്ടുണ്ട്. അതിനാൽ ദൈവത്തിന്റെ കരുണയേയും ദീർഘക്ഷമയേയും പരീക്ഷിക്കാതെ പാപം ഏറ്റുപറഞ്ഞ് അനുതപിച്ച് ദൈവത്തോട് ഐക്യപ്പെടുന്നതിൽ ഉത്സുകത കാണിക്കണം.

ദൈവവുമായി ബന്ധം സ്ഥാപിക്കുവാൻ: ദൈവത്തിങ്കലേക്ക് തിരിയുക (യെശ.55:7).

യേശുക്രിസ്തുവിൽ വിശ്വസിക്കുക (യോഹ.3:16).

പശ്ചാത്തപിച്ച് പാപം ദൈവത്തോട് ഏറ്റുപറഞ്ഞുപേക്ഷിക്കുക (ലൂക്കോ.13:3; അ.പ്ര.3:19; 1 യോഹ.1:9).

യേശുവിനെ രക്ഷിതാവായി സ്വീകരിക്കുക. യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ രക്ഷിക്കപ്പെടും (റോമ.10:9).

ഒരു ദേശത്തിനോ ഒരു ജാതിക്കോ മാത്രമായിട്ടല്ല യേശുവിന്റെ സന്ദേശം നല്കപ്പെട്ടത്. സുവിശേഷം സാർവ്വലൗകികമാണ്. കർത്താവു വന്നതു ലോകത്തിന്റെ മുഴുവൻ രക്ഷകനായിട്ടാണ്. അവൻ മരിച്ചതു സർവ്വ മനുഷ്യർക്കും വേണ്ടിയായിരുന്നു.

വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നത്രെ തിരുവെഴുത്തു പറയുന്നത്. സ്ത്രീയായാലും പുരുഷനായാലും വചനം പഠിക്കുമ്പോൾ അവർക്ക് സത്യം ബോധ്യമാകുന്നു. അതായത് ആ വ്യക്തി സത്യം വിശ്വസിച്ചു എന്നർത്ഥം. അങ്ങനെ സത്യം വിശ്വസിച്ച ഒരാൾക്കാണ് സ്നാനം ആവശ്യം. ഉദാഹരണങ്ങൾ അപ്പോസ്തലപ്രവൃത്തിയിൽ ഉണ്ട്. അതിൽ ഒന്നാണ് ഷണ്ഡന്റെ അനുസരണം. ഫിലിപ്പോസ് എന്ന സുവിശേഷകൻ ഷണ്ഡന് പൊരുൾതിരിച്ചുകൊടുത്തു. അതു മനസ്സിലാക്കിയ ഷണ്ഡൻ വെള്ളം കണ്ടപ്പോൾ സ്നാനം ഏൽക്കുവാൻ എനിക്ക് എന്താണ് തടസം എന്നു ചോദിച്ചു. നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു ഫിലിപ്പോസ് പറഞ്ഞു. ഇരുവരും വെള്ളത്തിൽ ഇറങ്ങി, ഫിലിപ്പോസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു. വിശ്വാസത്തെ അനുസരണത്തിൽ കൊണ്ടുവരുന്നതാണ് സ്നാനം (അ.പ്ര.8:35-38). (തുടരും)

# കാക്കിപുലി



സ്കൂട്ടറുമായി വല്യപ്പൻ പുറത്തേക്ക് ഇറങ്ങാനൊരുങ്ങുന്നതു കണ്ട് കൊച്ചുമകന്റെ ചോദ്യം: വല്യപ്പൻ എവിടേക്കാ ഈ നട്ടുച്ചയ്ക്ക്? 'സാധനങ്ങൾ മേടിക്കണം, കവല വരെ.' – ഹെൽമറ്റ് തലയിലേക്ക് ഉറപ്പിച്ചുകൊണ്ടു വല്യപ്പന്റെ മറുപടി. 'പോകുന്നതുകൊള്ളാം പോലീസിന്റെ വായിൽ ചെന്നുകയറാതെ സൂക്ഷിച്ചോണം.' –കൊച്ചുമകന്റെ ഉപദേശം.

'പോലീസിന്റെ വായിലും വലയിലുമാകാൻ ഞാനെന്താടാ കൊലക്കേസ് പ്രതിയോ?' –വല്യപ്പന്റെ സംശയം സ്വാഭാവികം. 'കൊലക്കേസ് ആയിരുന്നേൽ അവർ ക്ഷമിക്കുമായിരുന്നു. പക്ഷേ, ഇതു തലപോകുന്ന കേസാ!' –കൊച്ചുമകൻ പറഞ്ഞതിന്റെ പൊരുൾ വല്യപ്പനു പിടികിട്ടിയില്ല. 'ഈ വണ്ടിയിൽ എന്നെപ്പോലൊരാൾ കവല വരെ പോയാൽ അതിൽ എന്താണിത്ര തലപോകുന്ന കേസ്?'.

'വല്യപ്പന്റെ കൈയിൽ ലൈസൻസുണ്ടോ? ഉണ്ട്. ആർ.സി.ബുക്ക് ഉണ്ടോ? ഉണ്ട്. ഇൻഷുറൻസ് ഉണ്ടോ? ഉണ്ടല്ലോ. പുക സർട്ടിഫിക്കറ്റോ? അതുമുണ്ട്. ഹെൽമറ്റും മാസ്കുമുണ്ടോ? ഈ വച്ചിരിക്കുന്നതു പിന്നെ കണ്ടില്ലേ...' –കൊച്ചുമകന്റെ ചോദ്യങ്ങൾ കേട്ടു വല്യപ്പൻ വയലന്റായിത്തുടങ്ങി.



'അതൊക്കെ കൈയിലിരിക്കട്ടെ, ആവശ്യത്തിൽ കൂടുതൽ ഭവ്യതയും വിനയവും മര്യാദയമുണ്ടോ?' –കൊച്ചുമകൻ വിടാനുള്ള മട്ടില്ല.

'ആവശ്യത്തിൽ കൂടുതലൊന്നുമില്ല, പക്ഷേ, ആവശ്യത്തിനുണ്ട്.-വണ്ടി സ്റ്റാർട്ട് ചെയ്തുകൊണ്ടു വല്യപ്പന്റെ മറുപടി. 'എങ്കിൽ ഒരു ബുള്ളറ്റ് പ്രൂഫും കൂടി ധരിച്ചോണ്ടുപോകുന്നതാ നല്ലത്. കാരണം വഴിയിൽ പരിശോധനയ്ക്കു നിൽക്കുന്ന പോലീസുകാരുടെ കൈവശം ഇപ്പറഞ്ഞവ കാണാനുള്ള സാധ്യത തീരെയില്ല! 'കൊല്ലത്തൊരു വല്യപ്പനെ പോലീസ് നടുറോഡിൽ ജനമൈത്രിയാക്കിയതു വായിച്ചില്ലേ.' –ഇതു കേട്ടതും മുന്നോട്ടെടുത്ത വല്യപ്പന്റെ വണ്ടി സഡൻ ബ്രേക്ക് ഇട്ടുനിന്നു. ചാടിയിറങ്ങിയ കാർന്നോർ പറഞ്ഞു: 'വെറുതെ റിസ്ക് എടുക്കേണ്ട, നടന്നുപോയേക്കാം!'

അറിയാവുന്ന പോലീസുകാരൻ രണ്ടിടി കൂടുതൽ തരുമെന്നാ പണ്ടേയുള്ള പറച്ചിൽ. അപ്പോൾ പിന്നെ അറിയാത്ത പോലീസുകാരന്റെ കൈയിൽചെന്നു പെട്ടാലുള്ള അവസ്ഥ എന്തായിരിക്കുമെന്നു നാട്ടുകാർ ശങ്കിച്ചാൽ കുറ്റംപറയാൻ പറ്റില്ല.

സൈബർ ഡോം, ഫൈബർ ലാത്തി, തിളങ്ങുന്ന വണ്ടി, കറങ്ങുന്ന കാമറ... എന്നിങ്ങനെ സെറ്റപ്പും ഗറ്റപ്പുമൊക്കെ ഒത്തിരി ആയെങ്കിലും ചില പഴഞ്ചൻ പതിവുകൾ വിട്ടുപിടിക്കാൻ കേരള പോലീസിന് ഇപ്പോഴും ഇത്തിരി മടിയാണ്. വഴി കാണാത്ത വളവിൽ ഒളിഞ്ഞിരുന്നു വണ്ടി പിടിക്കുമ്പോൾ ഇവർക്ക് എന്തു സുഖമാണ് കിട്ടുന്നതെന്ന് നാട്ടുകാർക്ക് ഇതുവരെ മനസിലായിട്ടില്ല.

ജഡ്ജി ഇരിക്കുന്നിടമാണ് കോടതി എന്നു കേട്ടിട്ടുണ്ട്. അതു തലയ്ക്കു പിടിച്ചിട്ടാണോ എന്നറിയില്ല. ഏമാൻ നിൽക്കുന്നിടമാണ് പോലീസ് സ്റ്റേഷൻ എന്ന മട്ടിലാണ് പലേടത്തും വാഹന പരിശോധന. വലിയേമാൻ വണ്ടിയിൽ ചാരി മസിൽപിടിച്ചങ്ങനെ നിൽക്കും. മഴയായാലും വെയിലായാലും കോവിഡ് ആയാലും യാത്രക്കാരൻ രേഖകളെല്ലാം വാരിക്കെട്ടി ഭയഭക്തി ബഹുമാനങ്ങളോടെ പഞ്ചപുച്ഛമടക്കി മുന്നിൽപ്പോയി കാത്തുനിന്നോണം. ഏമാന്റെ സൗകര്യത്തിനു നോക്കും...

ഇതിനിടയിൽ ന്യായവാദങ്ങളെന്തെങ്കിലും ചോദിച്ചുപോയാൽ അവന്റെ കാര്യം കട്ടപ്പുക. കൗതുകമെന്തെന്നാൽ ഈ കാക്കിപ്പുലികളിൽ പലരും സാധാരണക്കാരന്റെ നെഞ്ചത്തേ ഇങ്ങനെ അള്ളിപ്പിടിച്ചു കയറൂ. എന്നാൽ, കൊടിവെച്ച കാറുകളും വടിപോലത്തെ ഖദറുകളും കണ്ടാൽ ഈ പുലികൾ പതുങ്ങും... തെറ്റിദ്ധരിക്കേണ്ട, ഈ പുലി പതുങ്ങുന്നതു കുതിക്കാനല്ല, പതിയെ എലിയായി ചുരുളാനാണ്!

# സത്യവേദപുസ്തകം: അറിഞ്ഞതും അറിയേണ്ടതും

*തുടർച്ച-4*

### 7. ബൈബിൾ എഴുതപ്പെട്ട സ്ഥലങ്ങൾ

ബൈബിൾ എഴുതുവാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ വളരെ വ്യത്യസ്തങ്ങളാണ്. സീനായ്, മോവാബ് സമഭൂമികൾ, കൊട്ടാരം, കെബാർ നദിതീരം, ദേവാലയം, ശൂശൻ രാജധാനി, യെരീഹോ, ബെഥേൽ, കാരാഗൃഹങ്ങൾ, പത്മൊസ് ദ്വീപ് എന്നീ സ്ഥലങ്ങൾ അവയിൽ ഉൾപ്പെടുന്നു.

### 8. വേദപുസ്തകത്തിന്റെ ആധികാരികത

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: "യഹോവ കൽപിച്ചു", "യഹോവയുടെ വചനം എനിക്കുണ്ടായി" എന്നീ പ്രയോഗങ്ങൾ പഴയനിയമത്തിൽ 3800 പ്രാവശ്യം കാണാം. ബൈബിൾ എഴുതുവാൻ ദൈവം തന്നെയാണ് തന്റെ ദാസന്മാർക്ക് നിയോഗം കൊടുത്തിരിക്കുന്നത് (പുറ.17:14, 24:4; സംഖ്യ 33:2; ആവ.31:24; യിരെ.30:1, 36:1,2,4; ഹബ.2:2). പഴയനിയമ എഴുത്തുകാരെ യേശുക്രിസ്തുവും അപ്പോസ്തലന്മാരും പൂർണ്ണമായി അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു. യേശുക്രിസ്തു പഴയനിയമം ദൈവവചനം തന്നെയെന്ന് സ്ഥിരീകരിച്ചതിന്റെ തെളിവാണ് ന്യായപ്രമാണവും പ്രവാചകന്മാരും എന്ന പ്രയോഗം കൊണ്ട് നാം മനസ്സിലാക്കുന്നത് (മത്താ.5:17). ബൈബിൾ ദൈവത്തിന്റെ വചനമാണെന്നും ദൈവത്തിന്റെ ആ വചനത്തോട് ആർക്കെങ്കിലും കൂട്ടുവാനോ കുറയ്ക്കുവാനോ കഴിയില്ല എന്നും നിവർത്തീകരിക്കപ്പെടേണ്ട ദൈവവചനം നിവർത്തിക്കപ്പെട്ടെങ്കിൽ മാത്രമേ ആകാശവും ഭൂമിയും ഒഴിഞ്ഞു പോവുകയുള്ളൂ എന്നും കർത്താവായ യേശുക്രിസ്തു വ്യക്തവും സ്പഷ്ടവുമായി പ്രഖ്യാപിച്ചിട്ടുണ്ട് (മത്താ.5:18; ലൂക്കോ.16:16). സ്വയം പൂർണ്ണത പ്രഖ്യാപിക്കുന്ന ഒരേ ഒരു ഗ്രന്ഥം ബൈബിൾ തന്നെയാണ്. അപ്പോസ്തലനായ പത്രൊസ് വേദപുസ്തകത്തിന്റെ ആധികാരികതയെ കുറിച്ചു ഇപ്രകാരം വ്യക്തമാക്കുന്നു. "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താലുളവാകുന്നതല്ല എന്നും ആദ്യംതന്നെ അറിഞ്ഞുകൊള്ളണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകൽപനയാൽ മനുഷ്യൻ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ" (പത്രൊ.1:20,21). അപ്പൊസ്തലനായ പൗലോസ് വേദപുസ്തകത്തിന്റെ ആധികാരികതയെക്കുറിച്ച് 2 തിമൊഥെയൊസ് 3-ാം അദ്ധ്യായം 16-ാമത്തെ വാക്യത്തിൽ രേഖപ്പെടത്തിയിരിക്കുന്നു, "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകുന്നു." (All scripture is given by inspiration of God).

### 9. ആദ്യ ബൈബിൾ ഏത് ഭാഷയിൽ

പഴയനിയമം ആദ്യമായി എഴുതപ്പെട്ടത് എബ്രായ, കൽദയ (അരാമ്യ), ഗ്രീക്ക് ഭാഷകളിലാണ്. എന്നാൽ കുറെഭാഗം ഒഴിച്ചാൽ ബാക്കി മുഴുവൻ ഭാഗവും പുരാതന ഭാഷയായ എബ്രായ ഭാഷയിൽ തന്നെയാണ് പഴയനിയമം എഴുതിയിരിക്കുന്നത്. ബാബിലോന്യ അടിമത്വത്തിന് ശേഷം എബ്രായഭാഷ മരിച്ചുവെന്ന് തന്നെ പറയാം. അടിമകളായിപ്പോയ യിസ്രായേല്യർ അവർ പോയ സ്ഥലത്തെ ഭാഷ പഠിച്ചിരുന്നതിനാൽ സ്വന്ത ഭാഷ മറന്നുപോയി. യിസ്രായേല്യർ പിൽക്കാലത്ത് യെരുശലേമിലേക്ക് തിരികെ വന്നപ്പോൾ എസ്രാ ശാസ്ത്രി ന്യായപ്രമാണപുസ്തകം എബ്രായഭാഷയിൽ വായിച്ചെങ്കിലും ജനത്തിന് മനസ്സിലാകാത്തതിനാൽ അരാമ്യഭാഷയിൽ അതു പൊരുൾ തിരിച്ചു കൊടുത്തതായി കാണാം (നെഹ.8). ക്രിസ്തുവിന് 280 കൊല്ലം മുമ്പ് (ബി.സി.280) മിസ്രയിം രാജാവായിരുന്ന ടോളമി ഫിലഡെൽഫസിന്റെ (Ptolemy philadelphus) കൽപനപ്രകാരം പഴയനിയമം മുഴുവനും ഗ്രീക്ക് ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഇത് അലക്സാണ്ടറിന്റെ ബൃഹത്തായ വായനശാല വിപുലീകരിക്കുന്നതിനോടുള്ള ബന്ധത്തിലായിരുന്നെങ്കിലും അലക്സാണ്ട്രിയായിൽ പാർത്തിരുന്ന ആയിരക്കണക്കിന് യെഹൂദന്മാർക്ക് ഇത് വളരെ പ്രയോജനമായിത്തീർന്നു. ഈ വിവർത്തനമാണ് പൊതുവെ സെപ്റ്റുവജിന്റ് (septuagint) എന്നറിയപ്പെടുന്നത്. ഇതാണ് പാലസ്തീനിൽ പൊതുവായി ഉപയോഗിക്കപ്പെട്ടതും മറ്റ് എഴുത്തുകാർ ഉപയോഗിച്ചതും. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശീകരണസമയത്ത് നസറായനായ യേശു യെഹൂദന്മാരുടെ രാജാവ് എന്ന മേലെഴുത്ത് മൂന്ന് ഭാഷകളിൽ എഴുതിവച്ചു. അത് യഥാക്രമം എബ്രായ, റോമ, യവന ഭാഷകളിലായിരുന്നു. ഇതിൽ ഗ്രീക്ക് സംസാരഭാഷയും, റോമൻ ഔദ്യോഗിക ഭാഷയും, എബ്രായ മതപരമായ ഭാഷയും ആയിരുന്നു. അതുകൊണ്ട് വിവിധ തുറകളിലുള്ള എല്ലാവരും അത് വായിപ്പാനിടയായി. വിശുദ്ധ വേദപുസ്തകം 2018 ഭാഷകളിൽ തർജ്ജിമ ചെയ്തിട്ടുണ്ട്. വിശ്വവിഖ്യാതനായ ഇംഗ്ലീഷ് സാഹിത്യകാരൻ ഷേക്സ്പിയറിന്റെ പുസ്തകങ്ങൾ ഏതാണ്ട് 50 ഭാഷകളിൽ മാത്രമേ തർജ്ജിമ ചെയ്തിട്ടുള്ളൂ. ഇംഗ്ലീഷിൽ ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടത് എ.ഡി.1382-ൽ ജോൺ വൈക്ലിഫ് എന്ന വ്യക്തിയാണ്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രൊഫസറായിരുന്നു അദ്ദേഹം. എ.ഡി.1454-ൽ അച്ചടി യന്ത്രം കണ്ടുപിടിച്ച Johannes Gutenberg എന്ന വ്യക്തിയാണ് ബൈബിൾ ആദ്യമായി പ്രിന്റ് ചെയ്തത്. 1456 ആഗസ്റ്റ് 24-ന് ലാറ്റിൻ ഭാഷയിൽ വേദപുസ്തകം അച്ചടിച്ചു. അതാണ് വൾഗേറ്റ് ബൈബിൾ (vulgate bible). 1457-ൽ അദ്ദേഹം തന്നെ സങ്കീർത്തനങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. (തുടരും)




*പേജ് 4 തുടർച്ച*

പാപത്തേയും മരണത്തേയും ജയിക്കുന്ന ശക്തിയെക്കുറിച്ചും കുട്ടികളോട് സംസാരിക്കാതിരിക്കാൻ മാതാപിതാക്കളെ ആഘോഷങ്ങളിൽ തളച്ചിടുക! ആഘോഷങ്ങളുടെ തിരക്കിൽ ജീവിതത്തെക്കുറിച്ച് ആരും ചിന്തിക്കാതിരിക്കട്ടെ. അവരുടെ വിനോദങ്ങൾ അമിതമാക്കുക.വിനോദപരിപാടികൾ കഴിഞ്ഞ് അവർ മടങ്ങുന്നത് തളർച്ചയോടെ ആകട്ടെ. പ്രകൃതിഭംഗി ആസ്വദിച്ച് നടന്ന് ദൈവസൃഷ്ടിയെക്കുറിച്ച് വിസ്മയിക്കാൻ കഴിയാത്തവണ്ണം അവരെ ഏറെ തിരക്കുള്ളവരാക്കുക. പ്രകൃതിയിൽനിന്ന് അകറ്റി അവരെ അമ്യൂസ്മെന്റ് പാർക്കുകളിലേക്കും സ്പോർട്സിലേക്കും ചലച്ചിത്രങ്ങളിലേക്കും തിരിച്ചുവിടുക. തിരക്ക്, തിരക്ക്, തിരക്ക് – അവരെ എപ്പോഴും തിരക്കുള്ളവരാക്കുക. ആത്മിക കൂട്ടായ്മയ്ക്കായി കൂടിവരുമ്പോൾ പരദൂഷണവും കൊച്ചുവർത്തമാനവുമായി സമയം ചെലവഴിച്ച് അസ്വസ്ഥമായ മനസ്സാക്ഷിയോടെ അവർ മടങ്ങട്ടെ. യേശുക്രിസ്തുവിൽനിന്നു ശക്തി പ്രാപിക്കുവാൻ സമയമില്ലാതെ അവരുടെ ജീവിതത്തെ തിരക്കുകൊണ്ടു നിറയ്ക്കുക. ക്രമേണ അവർ വീടും ആരോഗ്യവും മറന്ന് സ്വന്തശക്തിയിൽ പ്രവർത്തിക്കുന്നവരായിത്തീരും." സാത്താൻ പറഞ്ഞുനിർത്തി.

"ഓ, ഇതു ഗംഭീരം, ഈ പദ്ധതി കൊള്ളാം". പിശാചുക്കൾ ആഹ്ലാദത്തോടെ ആർത്തുവിളിച്ചു. മീറ്റിംഗു കഴിഞ്ഞ് അവരെല്ലാം തങ്ങളുടെ പ്രവർത്തനമേഖലകളിലേക്ക് ഉത്സാഹഭരിതരായി യാത്രയായി അങ്ങനെ പിശാചുക്കൾ പ്രവർത്തനം ആരംഭിച്ചു. അവർ തങ്ങളുടെ പ്രവർത്തനത്തിൽ വിജയിച്ചുവോ? ആ ചോദ്യത്തിനു മറുപടി പറയേണ്ടത് നിങ്ങളാണ്. ഈ സന്ദേശം ഒരിക്കൽക്കൂടി മനസ്സിരുത്തി വായിക്കുക – നിങ്ങൾ വലിയ തിരക്കിലല്ലെങ്കിൽ മാത്രം.




# വേദാഭിമാനിയുടെ മറുപടി

സമൂഹമാധ്യമങ്ങളിലൂടെ ബൈബിൾ വെളിപ്പെടുത്തുന്ന രക്ഷകന്റെ യഥാർത്ഥ പേര് എന്തെന്ന് താങ്കൾ വെളിപ്പെടുത്തിയപ്പോൾ എനിക്കത് സ്വീകാര്യമായി തോന്നിയില്ല. എങ്കിലും ഇതിന്റെ വാസ്തവം അന്വേഷിക്കാൻ ഞാൻ തീരുമാനിച്ചു. ദൂതൻ മറിയയോടു സംസാരിച്ചത് അവരുടെ മാതൃഭാഷയായ ഹീബ്രു/അരാമിക് ഭാഷയിൽ ആയിരുന്നുവല്ലോ. അവിടെ നൽകിയിരിക്കുന്ന നാമം എന്താണെന്ന് ഞാൻ അന്വേഷിച്ചു. ആധുനിക ഹീബ്രു അരാമിക്കിൽ yeh-shoo-a എന്നും യേശുവിന്റെ കാലത്ത് yeh-ho-shoo-a എന്നുമാണെന്ന് കണ്ടെത്തുവാൻ എനിക്ക് സാധിച്ചു. അതായത് 'യഹോവ രക്ഷകൻ' എന്നർത്ഥം വരുന്ന യെഹോശുവ (യേശുവാ) എന്ന നാമമാണിതെന്ന് ഞാൻ തിരിച്ചറിഞ്ഞു. ദൈവത്തിന്റെ പരിശുദ്ധ നാമം നീക്കിക്കളഞ്ഞതിലെ അപകടം മനുഷ്യർ തിരിച്ചറിയാതെ പോകുന്നതെന്തുകൊണ്ടാണ്. **-ഡോ. സാമുവേൽ ജോൺസൻ, ചെറുകോട്, മുളയറ, തിരുവനന്തപുരം**

**കഴിഞ്ഞലക്കം തുടർച്ച**

## 'യാഹ്‌വെ' എന്ന നാമവും യഹൂദരുടെ ഭയവും!

ദൈവത്തിന്റെ തിരുനാമം വൃഥാ ഉപയോഗിച്ചുപോകുമോ എന്ന ഭയം മൂലമാണ് അവിടുത്തെ യഥാർത്ഥ നാമം യഹൂദർ വിളിക്കാതിരുന്നതെന്ന് ചിലർ വാദിക്കുന്നു. യഹൂദരുടെ ഗ്രന്ഥങ്ങളിലൊക്കെ 'യാഹ്‌വെ' എന്ന നാമം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇവർ പ്രാർത്ഥനയിൽ ഉപയോഗിക്കുന്നത് 'എലോഹിം' എന്നു മാത്രമാണ്. എലോഹിം എന്ന പദത്തിന് ദൈവം എന്നാണ് അർത്ഥം.




ബുദ്ധിശക്തിയിൽ യഹൂദർ കേമന്മാരാണെങ്കിലും ആത്മീയജ്ഞാനത്തിന്റെ കാര്യത്തിൽ ഇവർ വളരെ ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. ഇവരുടെ ചരിത്രം പഠിക്കുമ്പോൾ ഇക്കാര്യം വ്യക്തമാകും. അനേകം അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും കാനാൻദേശത്തേക്ക് ആനയിച്ച ദൈവത്തെ ഇവർ പലപ്പോഴും തള്ളിക്കളഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ ശബ്ദം നേരിട്ടു കേട്ട ജനതയാണ് ഇസ്രായേൽ ജനം. ചെങ്കടൽ വിഭജിച്ചുകൊണ്ടും കാടപ്പക്ഷിയും മന്നയും നല്കിക്കൊണ്ടും അത്ഭുതങ്ങൾ നടത്തിയ ദൈവത്തെ വിസ്മരിച്ച് കാളക്കുട്ടിയെ ആരാധിച്ച സമൂഹമായിരുന്നു യഹൂദർ! യേഹ്ശുവാ കടന്നുവന്നിട്ടും അവനിൽ വിശ്വസിക്കാൻ കൂട്ടാക്കാത്തതും ഇവരുടെ ആത്മീയജ്ഞാനത്തിന്റെ അഭാവമായി കാണേണ്ടിവരും. ദൈവത്തിന്റെ നാമം പറയാൻ ഭയപ്പെട്ടതും ഈ അജ്ഞതയുടെ ഭാഗംതന്നെയാണ്. ദൈവവചനത്തിൽ ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു: "അവൻ എന്റെ നാമം അറിയുന്നതുകൊണ്ട് ഞാൻ അവനെ സംരക്ഷിക്കും" (സങ്കീ.91:14).

ദൈവത്തിന്റെ സംരക്ഷണം നമുക്ക് ഉറപ്പാക്കണമെങ്കിൽ, നാം അവിടുത്തെ നാമം അറിഞ്ഞിരിക്കണം, അതുപോലെതന്നെ പുത്രനെയും നാം അറിഞ്ഞിരിക്കണം. പുത്രനെയും പിതാവിനെയും അറിയുകയെന്നതാണ് നിത്യജീവൻ. യേഹ്ശുവായുടെ വാക്കുകൾ ശ്രദ്ധിക്കുക: "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേഹ്ശുവാ മ്ശിഹായെയും അറിയുക എന്നാണ് നിത്യജീവൻ" (യോഹ.17:3). രക്ഷയ്ക്കായി നല്കപ്പെട്ടിരിക്കുന്ന ഏക നാമമായ 'യേഹ്ശുവാ' എന്ന നാമം തന്നെയാണ് രക്ഷയ്ക്കായുള്ള ഏക നാമം. യേഹ്ശുവായുടെ നാമത്തിന്റെ മഹത്തായ പ്രാധാന്യത്തെക്കുറിച്ച് അല്പംകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. പിതാവായ ദൈവം അവിടുത്തെ നാമം തന്റെ പുത്രനു നല്കുകയും, ആ നാമത്തിൽ പിതാവ് മഹത്വപ്പെടുകയും ചെയ്യുന്നുവെന്നത് യേഹ്ശുവാ എന്ന നാമത്തിന്റെ ഒരു സവിശേഷതയാണ്! ഇത് ദൈവവചനത്തിൽ അടങ്ങിയിരിക്കുന്ന സത്യമാണെന്നു നാം തിരിച്ചറിയണം. പിതാവിനെ ലോകത്തിനു വെളിപ്പെടുത്തിയത് അവിടുത്തെ പുത്രനായ 'യേഹ്ശുവാ'യാണെന്നും പുത്രന്റെ നാമത്തിലാണ് പിതാവിലേക്കു നാം കടന്നുചെല്ലുന്നതെന്നും നമുക്കറിയാം. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനതയ്ക്കു മാത്രം വെളിപ്പെടുത്തിയിരുന്ന അവിടുത്തെ പരിശുദ്ധ നാമമാണ്, അവസാനകാലത്ത് തന്റെ പ്രിയപുത്രനിലൂടെ ലോകത്തിനു നല്കപ്പെട്ടത്! പുത്രനെ കാണുന്നവൻ പിതാവിനെ കാണുന്നുവെന്ന് മാത്രമല്ല, പുത്രനു നല്കപ്പെട്ടിരിക്കുന്നത് പിതാവിന്റെ നാമമവുമാണ്! യേഹ്ശുവായുടെ ഈ വാക്കുകൾ ശ്രദ്ധിക്കുക: "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ" (യോഹ.17:11). പിതാവായ ദൈവത്തിന്റെ നാമംതന്നെയാണ് പുത്രൻ വഹിക്കുന്നതെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

ആരാണ് 'കർത്താവ്'? എന്താണ് ഇതിന്റെ അർത്ഥം? ദൈവത്തിന്റെ തിരുനാമം വികലമാക്കുകയും, യഥാർത്ഥ നാമവുമായി യാതൊരു ബന്ധവുമില്ലാത്ത അർത്ഥശൂന്യമായ നാമം അവിടുത്തേക്ക് ചാർത്തിക്കൊടുക്കുകയും ചെയ്തുവെന്നത് ഒരു യാഥാർത്ഥ്യമാണ്. കർത്താവെന്നും 'ലോർഡ്' എന്നും വിവിധ ഭാഷകളിൽ വിളിക്കപ്പെടുന്ന ഈ നാമങ്ങൾക്കുവേണ്ടി വാശിപിടിക്കുന്നവരോടാണ് ഈ ചോദ്യം: ആരാണ് കർത്താവ്? എന്താണ് ഈ പദത്തിന്റെ അർത്ഥം? അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ സൈന്യങ്ങളുടെ ദൈവത്തിന്റെ പേര് കർത്താവ്' എന്നല്ല! ഞാൻ ആകുന്നവൻ എന്നർത്ഥമുള്ള 'യാഹ്‌വെ' എന്നാണ് അവിടുത്തെ നാമം. സർവ്വപുരുഷാരന്തങ്ങളിലൂടെയും ഈ നാമത്തിൽ അവിടുന്ന് അനുസ്മരിക്കപ്പെടണം എന്നതാണ് അവിടുത്തെ ഹിതം. ഈ തിരുഹിതം അവിടുന്ന് വ്യക്തമാക്കുകയും ചെയ്തു. അവിടുന്ന് വെളിപ്പെടുത്തിയ മഹനീയവും പരിശുദ്ധവുമായ നാമത്തിനു പകരമായി മറ്റൊരു നാമം നല്കാൻ മനുഷ്യന് അവകാശമുണ്ടോ? യാഹ്‌വെ എന്ന നാമത്തിന്റെ മലയാളമാണോ കർത്താവ്? യാഹ്‌വെ എന്ന നാമത്തിന്റെ ഇംഗ്ലീഷ് പരിഭാഷയാണോ ലോർഡ്? പ്രഭുക്കന്മാരേയും രാജാക്കന്മാരേയും അന്യദൈവങ്ങളേയും ദേവന്മാരേയും ലോർഡ് എന്ന് ചേർത്ത് വിളിക്കാറുണ്ട്. ഒരിക്കലും ദൈവമെന്ന പദത്തിന് സമാനമായ പദമല്ല, ലോർഡ് അഥവാ കർത്താവ് എന്നുള്ളത്. യഹോവ രക്ഷിക്കുന്നു. യഹോവ രക്ഷകൻ എന്നുള്ള യഥാർത്ഥ പേരിന്റെ അർത്ഥത്തോട് നീതി പുലർത്തുന്നതല്ല കർത്താവ് എന്ന നാമം. യാഹ്‌വെ എന്ന നാമത്തിനു പകരമായിട്ടാണ് കർത്താവ് എന്ന് പ്രയോഗിച്ചിരിക്കുന്നതെങ്കിൽ തീർച്ചയായും ഇതൊരു നാമമായിരിക്കണം. അങ്ങനെയെങ്കിൽ, കർത്താവായ യേശുക്രിസ്തു എന്ന പ്രയോഗത്തിലൂടെ നാം എന്താണ് അർത്ഥമാക്കേണ്ടത്? യേഹ്ശുവാ എന്ന നാമത്തിന്റെ പരിഭാഷയായി 'യേശു' എന്ന പേരിനെ അംഗീകരിക്കുമ്പോൾ ഈ കർത്താവ് ആരായിട്ടുവരും?. ഇവിടെ കർത്താവിനെ ഉപയോഗിച്ചിരിക്കുന്നത് ഒരു വിശേഷണമോ പദവിയോ ആയിട്ടാണ്. സുവിശേഷഗ്രന്ഥങ്ങൾ ആരംഭിക്കുന്നതുവരെ ദൈവത്തെ ഒരു നാമമായി പരിചയപ്പെടുത്തുകയും, സുവിശേഷത്തിലേക്കു കടക്കുമ്പോൾ ഇതൊരു പദവിയായി മാറുകയും ചെയ്യുന്നു. ഇങ്ങനെയൊരു മായാജാല വിദ്യ, ബൈബിൾ പരിഭാഷകർക്ക് മാത്രം സാധിക്കുന്ന ഒന്നാണ്! രക്ഷയുടെ നാമത്തിന്റെ പ്രാധാന്യം ഇല്ലാതാക്കുവാൻ കൂടിയാണ് ഈ തിരിമറി സാത്താൻ നടത്തിയത്. സാത്താന്റെ കൗശലങ്ങൾ ഫലം കണ്ടതുകൊണ്ടാണ് 'യേഹ്ശുവാ' എന്ന നാമം മറയ്ക്കപ്പെട്ടത്. രക്ഷിക്കുവാനുള്ള ശക്തിയില്ലാത്ത അനേകം നാമങ്ങൾകൊണ്ട്, രക്ഷയ്ക്കായുള്ള ഏകനാമത്തെ മറച്ചുവച്ചു! പരിശുദ്ധാത്മാവ് ഇപ്രകാരം വെളിപ്പെടുത്തുന്നു: "മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" (അ.പ്ര.4:12).




ഈ ലോകത്ത് അനേകം ചരിത്രപുരുഷന്മാർ ജീവിച്ചു കടന്നുപോയി. വിജാതിയരുടെതായി എത്ര എത്ര ദേവീ-ദേവന്മാർ. വിശ്വവിഖ്യാതരായ ചിത്രകാരന്മാരും സാഹിത്യകാരന്മാരും ഇവിടെ ജീവിച്ചു കടന്നുപോയിട്ടുണ്ട്. ശാസ്ത്രത്തിന് വലിയ സംഭാവനകൾ ചെയ്തിട്ടുള്ളവരും ഈ ലോകത്ത് ജീവിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം നാമങ്ങൾ നാം അനുസ്മരിക്കുന്നത് പരിഭാഷപ്പെടുത്തിയാണോ?. മൈക്കൽ ആഞ്ചലോ എല്ലാവർക്കും 'മൈക്കൽ ആഞ്ചലോ' തന്നെയാണ്. മൈക്കൽ എന്നത് മിഖയേലും, ആഞ്ചലോ അഥവാ എയ്ഞ്ചൽ എന്നത് മാലാഖയുമാണെങ്കിൽ ഈ പേരിന്റെ അർത്ഥം, മിഖായേൽ മാലാഖ എന്നാണ്! എന്നാൽ, എബ്രായരും, സുറിയാനികളും, അറബികളും, മലയാളികളും, തമിഴന്മാരും ഒന്നുപോലെ 'മൈക്കൽ ആഞ്ചലോ' എന്നുതന്നെ വിളിക്കുന്നു! തോമസ് ആല്‌വാ എഡിസൺ, ആൽബർട്ട് ഐൻസ്റ്റീൻ, ഐസക് ന്യൂട്ടൺ തുടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ പേരുകൾ എല്ലാ നാടുകളിലും സ്ഥായീഭാവത്തോടെ നിലനിൽക്കുന്നു. ദേവീദേവന്മാരുടെയും, അല്ലാഹുവിന്റെയും നാമം ഒരു ഭാഷയിലും മാറ്റം കൂടാതെ ഉച്ചരിക്കുന്നു എന്ന കാര്യവും നാം വിസ്മരിക്കരുത്. അങ്ങനെയെങ്കിൽ നമ്മുടെ ദൈവത്തിന്റെ നാമം എന്തിന് പരിഭാഷപ്പെടുത്തി? അർത്ഥശൂന്യവും വികൃതവുമാക്കി? (തുടരും).

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Feb: 2021 at RMS Kayamkulam
Published on Ist Feb: 2021
RNI Registered No. KERMAL/2002/7361

# തോൽക്കാത്ത മനസ്സ്

**കാ**ളിയാക്കി ചിരിക്കുന്ന കൂട്ടുകാരുടെ അടുത്തു നിന്ന് ജോ എന്ന കൊച്ചുകുട്ടി സങ്കടത്തോടെ പലപ്പോഴും മാറി നടക്കും!

ജോ എന്തു പറഞ്ഞാലും കൂട്ടുകാർ ചിരിക്കും. കാരണം ജോയ്ക്ക് ശരിയ്ക്ക് സംസാരിക്കാൻ കഴിയില്ല. വിക്ക് കാരണം വാക്കുകൾ ശരിക്ക് ഉച്ചരിക്കാനാവില്ല!

1942-ൽ അമേരിക്കയിലെ പെൻസിൽവാനിയയിലാണ് ജോസഫ് റോബിനെറ്റ ജോ ബൈഡൻ ജൂനിയർ എന്ന ജോ ബൈഡൻ ജനിച്ചത്. ആ സമയത്ത് പിതാവിന്റെ ബിസിനസെല്ലാം പൊളിഞ്ഞിരുന്നു. നിത്യച്ചെലവിന് പണം കണ്ടെത്താൻ അദ്ദേഹത്തിന് കഠിനമായി അധ്വാനിക്കേണ്ടിയിരുന്നു. വിക്കിനെ മറികടക്കാൻ ജോ ഒരു സൂത്രം പ്രയോഗിക്കും കണ്ണാടിയ്ക്ക് മുന്നിൽനിന്ന് കവിതകൾ ഉറക്കെ വായിക്കും. ഇതിന് അമ്മയും ജോയെ സഹായിക്കും.

പതുക്കെപ്പതുക്കെ ജോ വിക്കിനെ അതിജീവിച്ചു തുടങ്ങി. സ്കൂളിൽ ഫുട്ബോൾ ടീമിലും ബേസ്ബോൾ ടീമിലുമെല്ലാം അവൻ അംഗമായി. മറ്റുള്ളവരെ മുന്നിൽനിന്ന് നയിക്കാനുള്ള ശേഷി ജോ പ്രകടമാക്കി.



യൂണിവേഴ്സിറ്റി പഠനകാലത്ത് നെയ്‌ലിയ ഹണ്ടർ എന്ന യുവതിയെ വിവാഹം ചെയ്തു. അവർക്ക് മൂന്ന് മക്കളുണ്ടായി.



നിയമപഠനം പൂർത്തിയാക്കിയ ജോ ഒരു നിയമസ്ഥാപനത്തിൽ ജോലിക്ക് ചേർന്നു. അതിന്റെ മേധാവി റിപ്പബ്ലിക്കൻ പാർട്ടിയുടെ നേതാവായിരുന്നു. ജോയും റിപ്പബ്ലിക്കൻ പാർട്ടിയോട് അനുഭാവം കാണിച്ചു. പക്ഷേ, പിന്നീട് യോജിച്ചുപോകാനാകാതെ ഡോമോക്രാറ്റിക് പാർട്ടി അനുയായിയായി മാറി.

കൗണ്ടി കൗൺസിൽ എന്ന പ്രാദേശിക ഭരണ സംവിധാനത്തിലേക്ക് ജോ തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ഡെലവെയ്ർ സനറ്റർ സ്ഥാനത്തേക്കും.

അതിനിടെ ജോയുടെ ഭാര്യയും മകളും ഒരു അപകടത്തിൽ കൊല്ലപ്പെട്ടു. വർഷങ്ങൾക്കുശേഷം ജിൽ ട്രേസി ജേക്കബ് എന്ന യുവതിയെ ജോ വിവാഹം ചെയ്തു.

സെനറ്റർ സ്ഥാനത്തിരുന്നുകൊണ്ട് ജോ ബൈഡൻ ആത്മാർത്ഥമായി ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു. കഷ്ടപ്പാടുകൾ അറിഞ്ഞു വളർന്നത് കാരണം ബുദ്ധിമുട്ടുന്ന ജനങ്ങളെ സഹായിക്കാൻ ജോ എന്നും ശ്രദ്ധിച്ചിരുന്നു. ജനക്ഷേമത്തിനു പുറമേ പരിസ്ഥിതി സംരക്ഷണത്തിലും അദ്ദേഹം ശ്രദ്ധ വച്ചു.

അതിനിടയിൽ ജോ തലച്ചോറിൽ രോഗം ബാധിച്ച് ശസ്ത്രക്രിയയ്ക്ക് വിധേയനായി. ആറിലധികം തവണ സെനറ്റിലേക്ക് ജോ ബൈഡൻ തിരഞ്ഞെടുക്കപ്പെട്ടു. രണ്ടുതവണ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

ജോയുടെ ജീവിതത്തിൽ ദുരന്തങ്ങൾ വീണ്ടും വന്നു. മൂത്ത പുത്രൻ ക്യാൻസർ ബാധിച്ച് മരണമടഞ്ഞു. പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് അദ്ദേഹം മറ്റുള്ളവർക്കായി പ്രവർത്തിച്ചു.

2009-ൽ ജോ ബൈഡൻ അമേരിക്കയുടെ വൈസ്പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു. ഈ വർഷം തിരഞ്ഞെടുപ്പിൽ അദ്ദേഹം അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് ഏറ്റവുമധികം വോട്ടുകൾ നേടി അധികാരമുറപ്പിച്ചു.

നന്നായി സംസാരിക്കാൻപോലും കഴിയാത്ത അവസ്ഥയിൽ നിന്ന് രാജ്യത്തിന്റെ നായക പദവി വരെ ജോ ബൈഡൻ ഉയർന്നതിന് പിന്നിൽ ഒരു രഹസ്യമേയുള്ളൂ കഠിനാധ്വാനം!

# നെപ്പോളിയനെ തോൽപ്പിച്ച രോഗാണുക്കൾ...!



**രോ**ഗാണുക്കളും രോഗങ്ങളും പനിയും കൂട്ടമരണങ്ങളും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമാണുള്ളത്. വീരശൂരപരാക്രമിയായിരുന്ന നെപ്പോളിയന്റെ പേരു കേൾക്കുമ്പോൾത്തന്നെ ശത്രുക്കൾ പേടിച്ചു വിറയ്ക്കുമായിരുന്നു എന്നാണു കേട്ടിട്ടുള്ളത്. ആ നെപ്പോളിയനെ ആക്രമിച്ചു തോൽപിച്ചത് രോഗാണുക്കൾ ആയിരുന്നു എന്നറിയുമ്പോൾ രോഗാണുക്കളുടെ ശക്തി തിരിച്ചറിയാവുന്നതേയുള്ളൂ. 1812-ൽ മലമ്പനി നെപ്പോളിയനെയും അദ്ദേഹത്തിന്റെ സൈന്യത്തെയും ബാധിക്കുകയുണ്ടായി. ആ മലമ്പനി രോഗാണുക്കൾക്കു മുന്നിൽ അടിയറവു പറയുകയല്ലാതെ അദ്ദേഹത്തിനു വേറൊരു വഴിയില്ലായിരുന്നു.



എലിസബത്ത് രാജ്ഞിയുടെ ഭരണകാലത്ത് ലണ്ടനിൽ പ്ലേഗ് പടർന്നപ്പോൾ പേടിച്ചുപോയ രാജ്ഞി ഭരണകേന്ദ്രം ലണ്ടനിൽ നിന്ന് വിൻഡ്സറിലേക്ക് മാറ്റുകയുണ്ടായി എന്നാണു ചരിത്രത്തിൽ പറയുന്നത്.

ഭരണസിരാകേന്ദ്രം വിൻഡ്സറിൽ ആയതോടെ എലിസബത്ത് രാജ്ഞിയുടെ ജീവനു സംരക്ഷണം നൽകേണ്ടത് അവിടുത്തെ ഭരണാധികാരികളുടെയും ഉദ്യോഗസ്ഥ പ്രമുഖരുടെയും ഉത്തരവാദിത്തമായി. ലണ്ടനിലുള്ള പ്ലേഗ് വിൻഡ്സറിൽ എത്താതിരിക്കണമെങ്കിൽ ലണ്ടനിലുള്ളവർ വിൻഡ്സറിൽ വരാതിരിക്കണം. അതിന് അവർ കണ്ടത് ഒരു എളുപ്പവഴി ആയിരുന്നു. പ്രാദേശിക ഭരണാധികാരികളും ഉദ്യോഗസ്ഥ പ്രമുഖരും കൂടിയാലോചിച്ച് എടുത്തു നടപ്പാക്കിയ തീരുമാനം ഇങ്ങനെ ആയിരുന്നു. വിൻഡ്സറിലേക്കുള്ള പ്രവേശന കാവാടത്തിനടുത്തുള്ള മാർക്കറ്റിൽ ഒരു തൂക്കുമരം ഉണ്ടാക്കി. അതിനുമുമ്പിൽ ഇങ്ങനെ എഴുതിയ ഒരു ബോർഡും സ്ഥാപിച്ചു. 'ലണ്ടനിൽനിന്ന് ആരെങ്കിലും ഇങ്ങോട്ടു പ്രവേശിച്ചാൽ ഉടനെ തൂക്കിലേറ്റുന്നതാണ്.'

അക്കാലങ്ങളിൽ അഞ്ചാംപനി, കോളറ, വസൂരി, മലമ്പനി, ടൈഫോയ്ഡ്, മഞ്ഞപ്പനി എന്നിവയുടെയെല്ലാം മുന്നിൽ മനുഷ്യൻ അന്ധാളിച്ചു നിൽക്കുകയായിരുന്നു ചെയ്തിരുന്നത്.




☺ഡിജിറ്റൽ ഇന്ത്യ വളരുന്ന ഇന്ത്യ എന്നൊക്കെ പറയുന്നു. പക്ഷെ പട്ടിണി സൂചികയിൽ ഇന്ത്യ സുഡാനോടൊപ്പം?

ആന്റണി കുളച്ചിറ, ഓമല്ലൂർ, ഊന്നുകൽ, പത്തനംതിട്ട

☹ ***എല്ലാ രാജ്യങ്ങളോടും ഒത്തുപോകുന്ന സംസ്ക്കാരമാണ് ഇന്ത്യയുടേത്. അമേരിക്കയോടും ചൈനയോടും ഒപ്പം വികസിക്കാൻ ആഗ്രഹമുണ്ടെങ്കിലും ദുരിതത്തിൽ സൊമാലിയയോടും സുഡാനോടുമൊപ്പം നിൽക്കാനാണ് നമ്മൾക്കിഷ്ടം.***

☺ആധുനിക ആത്മീയ പ്രസംഗകരുടെ യഥാർത്ഥ നിലപാട്?

ഈപ്പൻ ഫിലിപ്പ്, പുതുക്കാട്, ചവറ, കൊല്ലം

☹ ***പണം കിട്ടിയാൽ നാക്ക് ദൈവത്തിനും ഹൃദയം ലോകത്തിനും എന്ന നിലപാടാണവർക്ക്.***

☺ വിശ്വാസികൾക്കു നേരെ ശുശ്രൂഷകൻ വിരൽചൂണ്ടി പ്രസംഗിക്കുന്നതിൽ നിന്നും എന്താണ് മനസിലാക്കേണ്ടത്?

എം. ഒ. ഏലിയാസ്, തെക്കേമല, കോഴഞ്ചേരി, പത്തനംതിട്ട

☹ ***ഈ പറയുന്നതൊന്നും എനിക്കല്ല. നിങ്ങൾക്കുള്ളതാണെന്ന ശക്തമായ താക്കീതാണത്.***

☺അയൽക്കാർക്കും നാട്ടുകാർക്കും നമ്മെ കാണുമ്പോൾ വലിയ സ്നേഹം കാണിക്കത്തക്കവണ്ണം അവരെ സന്തോഷിപ്പിക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

ആനി കൊച്ചുമ്മൻ, ആറ്റുവാത്തല, നെടുമുടി, ആലപ്പുഴ

☹***വീട്ടിൽ പട്ടിണിയാണെന്നും എല്ലാവരും രോഗികളാണെന്നും അവരോട് പറഞ്ഞാൽ മതി.***

☺മീശ നരച്ചാൽ കറുപ്പിക്കാം. ആശ നശിച്ചാലോ.

റോയി പുന്നൂസ്, വിതുര, നെടുമങ്ങാട്, തിരുവനന്തപുരം

☹***ആശ നശിച്ചവന് ആകാശത്തോളം പ്രത്യാശ നൽകുവാൻ യേശുവുണ്ടല്ലോ.***

☺കൺവൻഷൻ രഹിത കൊറോണക്കാലത്തെക്കുറിച്ച്.

വത്സമ്മ സത്യനേശൻ, തുവയൂർ, നെല്ലിമുകൾ, മണക്കാല

☹***കുറെപ്പേരുടെ ബഹളം കുറച്ചുനാളത്തേക്കെങ്കിലും കുറഞ്ഞുകിട്ടുന്നത് ഒരാശ്വാസം***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally